2023
JUNE
24
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി യുഎസ് കമ്പനി മേധാവികൾ കൂടിക്കാഴ്ച നടത്തി

**വാഷിങ്ടൻ** : യുഎസ് സന്ദർശനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി അമേരിക്കൻ കമ്പനി മേധാവികളുമായി കൂടിക്കാഴ്ച നടത്തി. യുഎസും ഇന്ത്യയും തമ്മിൽ വിവിധ മേഖലകളിലെ സഹകരണം സംബന്ധിച്ചുള്ള കാര്യങ്ങൾ കൂടിക്കാഴ്ചയിൽ ചർച്ചയായി. വൈറ്റ് ഹൗസിൽ നടന്ന കൂടിക്കാഴ്ചയിൽ ബോയിങ്, ആമസോൺ, ഗൂഗിൾ ഉൾപ്പെടെയുള്ള കമ്പനികളുടെ സിഇഒമാർ പങ്കെടുത്തു.

രേവതി അദ്വൈതി (സിഇഒ, ഫ്ലക്സ്), സാം ആൾട്ട്മാൻ (സിഇഒ, ഓപ്പൺ എഐ), മാർക് ഡഗ്ലസ് (പ്രസിഡന്റ് ആൻഡ് സിഇഒ, എഫ്എംസി കോർപറേഷൻ), ലിസ സു (സിഇഒ എഎംഡി), വിൽ മാർഷൽ (സിഇഒ, പ്ലാനറ്റ് ലാബ്സ്), സത്യ നാദെല്ല (സിഇഒ, മൈക്രോസോഫ്റ്റ്), സുന്ദർ പിച്ചൈ (സിഇഒ, ഗൂഗിൾ), ഹേമന്ദ് തനേജ (സിഇഒ, ജനറൽ കാറ്റലിസ്റ്റ്), സുനിത വില്യംസ് (നാസ ബഹിരാകാശ യാത്രിക) എന്നിവരുമായി മോദി കൂടിക്കാഴ്ച നടത്തി. ഇന്ത്യൻ വ്യവസായ പ്രമുഖരായ ആനന്ദ് മഹീന്ദ്ര, മുകേഷ് അംബാനി, നിഖിൽ കാമത്ത്, വൃന്ദ കപൂർ എന്നിവരും കൂടിക്കാഴ്ചയിൽ പങ്കെടുത്തു.

ഇന്ത്യൻ വ്യോമസേനയ്ക്കായി ഇന്ത്യയിൽത്തന്നെ യുദ്ധവിമാന എൻജിൻ നിർമിക്കാൻ യുഎസ് കമ്പനി ജനറൽ ഇലക്ട്രിക്കും കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡും തമ്മിൽ ധാരണയായിരുന്നു. യുദ്ധവിമാന എൻജിൻ നിർമിക്കുന്നതിനുള്ള സാങ്കേതികവിദ്യ ലഭിക്കുന്നത് പ്രതിരോധ മേഖലയിൽ ഇന്ത്യയ്ക്കു നേട്ടമാണ്. ബെംഗളൂരുവിലും അഹമ്മദാബാദിലും യുഎസ് കോൺസുലേറ്റുകൾ തുറക്കും. യുഎസിൽ ഇപ്പോഴുള്ള 5 കോൺസുലേറ്റുകൾക്കു പുറമേ സിയാറ്റിലിൽ ഇന്ത്യയുടെ കോൺസുലേറ്റ് പ്രവർത്തനമാരംഭിക്കും.

## ഇന്ത്യയുടെ വളർച്ച 6.3 ശതമാനം ആകും ഫിച്ച്

**ന്യൂഡൽഹി:** ഈ സാമ്പത്തിക വർഷത്തെ ഇന്ത്യയുടെ വളർച്ച 6.3 ശതമാനമായിരിക്കുമെന്ന് റേറ്റിങ് ഏജൻസിയായി ഫിച്ചിന്റെ പ്രവചനം. 6 ശതമാനം വളർച്ചയാണ് നേരത്തെ പ്രവചിച്ചിരുന്നത്. സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിലെ മികച്ച പ്രകടനമാണ് അനുമാനം ഉയർത്താൻ കാരണം. മാർച്ചിലാണ് വളർച്ചാ അനുമാനം 6.2ൽ നിന്ന് 6 ശതമാനത്തിലേക്ക് താഴ്ത്തിയത്.

2024,25, 2025,26 സാമ്പത്തിക വർഷങ്ങളിൽ 6.5% വളർച്ചയാണ് അനുമാനിക്കുന്നത്. ഇക്കഴിഞ്ഞ ജനുവരി,മാർച്ച് പാദത്തിലെ രാജ്യത്തിന്റെ വളർച്ചാ നിരക്ക് പ്രതീക്ഷിച്ചതിലും കൂടുതലായിരുന്നെന്നും ഫിച്ച് പറയുന്നു.

# റോഡ് ക്യാമറ സ്ഥാപിച്ചത് കുഴപ്പമില്ലെന്ന് ഹൈക്കോടതി






**കൊച്ചി:** ക്യാമറ വച്ചതിൽ സർക്കാരിനെയും മോട്ടർ വാഹന വകുപ്പിനെയും പ്രശംസിച്ച് ഹൈക്കോടതി സിംഗിൾ ബെഞ്ച്. റോഡ് ക്യാമറ സ്ഥാപിച്ചതിന് എതിർപ്പുകളില്ലെന്നും പദ്ധതിയെ നിരുത്സാഹപ്പെടുത്തരുതെന്നും കോടതി അറിയിച്ചു.

ക്യാമറയും മറ്റ് സാമഗ്രികളും വാങ്ങിയതിനെക്കുറിച്ച് മാത്രമാണ് ആരോപണങ്ങൾ. ട്രാഫിക് നിയമലംഘനങ്ങൾ തടയാൻ നൂതന ചുവടുവയ്പാണ് റോഡ് ക്യാമറകൾ എന്നും ഹൈക്കോടതി പറഞ്ഞു.

ആരോഗ്യകാരണങ്ങളാൽ ഹെൽമറ്റ് ധരിക്കുന്നതിൽനിന്ന് ഒഴിവാക്കണമെന്ന ഹർജിയിലാണ് പരാമർശങ്ങൾ.

റോഡ് ക്യാമറ പദ്ധതിയുടെ കരാറുകാർക്കു തുടർ ഉത്തരവോ അറിവോ ഇല്ലാതെ പണം നൽകുന്നതു ഹൈക്കോടതി കഴിഞ്ഞ ദിവസം തടഞ്ഞിരുന്നു. പദ്ധതിയിലെ മാറ്റങ്ങൾ കാരണം സർക്കാരിന് അധികച്ചെലവുണ്ടായോ എന്നതുൾപ്പെടെ പരിശോധിക്കേണ്ടതുണ്ടെന്നു ചീഫ് ജസ്റ്റിസ് എസ്. വി. ഭട്ടി, ജസ്റ്റിസ് ബസന്ത് ബാലാജി എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് വ്യക്തമാക്കിയിരുന്നു.

പദ്ധതിയിലെ മാറ്റങ്ങൾക്കു പിന്നിൽ നല്ല ഉദ്ദേശ്യമോ മറ്റു താൽപര്യങ്ങളോ? ബിൽഡ്, ഓൺ, ഓപ്പറേറ്റ്, ട്രാൻസ്ഫർ രീതിക്കു പകരം പണം നൽകി നടപ്പാക്കുന്ന രീതിയാക്കിയതു സർക്കാരിന് അധികച്ചെലവുണ്ടാക്കിയോ? തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കുമെന്നും കോടതി അറിയിച്ചിരുന്നു.

## പ്രകൃതിവാതക കരുതൽ ശേഖരം തുടങ്ങാൻ ഇന്ത്യ

**ന്യൂഡൽഹി:** പ്രകൃതിവാതകം കരുതിവയ്ക്കാവുന്ന ഇന്ത്യയിലെ ആദ്യത്തെ 'സ്ട്രാറ്റജിക് ഗ്യാസ് റിസർവ്' ഈ വർഷം അവസാനത്തോടെ സജ്ജമാക്കാൻ പെട്രോളിയം മന്ത്രാലയം. ഇതിനായി കൺസൽറ്റേഷൻ പൂർത്തിയാക്കിയ മന്ത്രാലയം വൈകാതെ മന്ത്രിസഭയുടെ അനുമതി തേടും. ലഭ്യത കുറയുമ്പോഴും വില കുതിച്ചുയരുമ്പോഴും ഇന്ത്യൻ വിപണിയെ ഇതു കാര്യമായി ബാധിക്കാതെ കരുതൽ ശേഖരം ഉറപ്പാക്കാനും വില സ്ഥിരത നൽകാനുമാണ് സ്ട്രാറ്റജിക് ഗ്യാസ് റിസർവിലൂടെ മന്ത്രാലയം ലക്ഷ്യമിടുന്നത്.

അസംസ്കൃത എണ്ണ ഈ രീതിയിൽ സംഭരിച്ചുവയ്ക്കുന്നതിന് ഇന്ത്യയ്ക്ക് സ്ട്രാറ്റജിക് പെട്രോളിയം റിസർവ് ലിമിറ്റഡിനു കീഴിൽ സംഭരണ കേന്ദ്രങ്ങളുണ്ട്. ആകെ 5.33 ലീറ്റർ ടൺ ക്രൂഡ് ഓയിൽ ശേഖരത്തിനുള്ള ശേഷി ഇതിനുണ്ട്. സമാന രീതിയിൽ ഭൂഗർഭ അറയിൽ ആയിരിക്കും ഗ്യാസ് റിസർവിന്റെയും സജ്ജീകരണം.

പൊതുമേഖലകളെ ഒന്നിപ്പിച്ചുള്ള സംവിധാനം വേണോ സ്വകാര്യ സ്ഥാപനങ്ങളെ സഹകരിപ്പിക്കണോ എന്നിങ്ങനെയുള്ള കാര്യങ്ങളാണു മന്ത്രാലയം ചർച്ച ചെയ്തത്. നിലവിൽ ഏറ്റവും വലിയ സ്ട്രാറ്റജിക് റിസർവുള്ളത് യുഎസിനാണ്. യുക്രെയ്ൻ, റഷ്യ, കാനഡ, ജർമനി, ചൈന എന്നീ രാജ്യങ്ങൾക്കും റിസർവുണ്ട്. ഇന്ത്യയുടെ 85% എൽഎൻജിയും ഇറക്കുമതിയാണ്. എൽഎൻജി ഉപയോഗത്തിൽ ലോകത്തു നാലാമതാണ് ഇന്ത്യ.

## ഇന്ത്യക്കാരുടെ സ്വിസ് ബാങ്ക് നിക്ഷേപത്തിൽ 11% ഇടിവ്

**സൂറിക്:** ഇന്ത്യയിൽനിന്നുള്ള സ്വിസ് ബാങ്കുകളിലെ നിക്ഷേപത്തിൽ വൻ ഇടിവെന്ന് റിപ്പോർട്ട്. വ്യക്തികളും സ്ഥാപനങ്ങളും സ്വിസ് ബാങ്കുകളുടെ ഇന്ത്യയിലെ ബ്രാഞ്ചുകൾ വഴി ഉൾപ്പെടെ നടത്തിയ നിക്ഷേപത്തിൽ 11 ശതമാനത്തിന്റെ ഇടിവാണ് 2022ൽ രേഖപ്പെടുത്തിയതെന്ന് സ്വിസ് കേന്ദ്ര ബാങ്കിന്റെ റിപ്പോർട്ടിൽ പറയുന്നു. ഏകദേശം 30,000 കോടി രൂപയിലേക്ക്(342 കോടി സ്വിസ് ഫ്രാങ്ക്) നിക്ഷേപം ചുരുങ്ങി. 2021ൽ ഇന്ത്യയിൽനിന്നുള്ള നിക്ഷേപം 383 കോടി സ്വിസ് ഫ്രാങ്ക് ആയിരുന്നു.

14 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന തുകയായിരുന്നു അത്. തൊട്ടുമുൻപുള്ള രണ്ടു വർഷവും നിക്ഷേപത്തിൽ വർധനയുണ്ടായിരുന്നു. 2006ൽ റെക്കോർഡ് തുകയായ 650 കോടി സ്വിസ് ഫ്രാങ്ക് ആയിരുന്നു ഇന്ത്യക്കാരുടെ നിക്ഷേപം.





# എട്ടു വർഷത്തെ യാത്രക്കാരുടെ കാത്തിരിപ്പിന് വിരാമം; ഹരിപ്പാട് കെഎസ്ആർടിസി ബസ് സ്റ്റേഷൻ 26ന് തുറക്കും

**ഹരിപ്പാട് :** എട്ടു വർഷത്തെ യാത്രക്കാരുടെ കാത്തിരിപ്പിന് വിരാമം; ഹരിപ്പാട് കെഎസ്ആർടിസി ബസ് ടെർമിനൽ കം വാണിജ്യ സമുച്ചയത്തിന്റെയും യാർഡിന്റെയും ഉദ്ഘാടനം 26ന് വൈകിട്ട് 5.30ന് മന്ത്രി ആന്റണി രാജു നിർവഹിക്കും. രമേശ് ചെന്നിത്തല എംഎൽഎ അധ്യക്ഷത വഹിക്കും. ബസ് സ്റ്റേഷൻ തുറക്കുന്നതോടെ 2015ൽ സ്റ്റേഷനിൽ നിലവിലുണ്ടായിരുന്ന കെട്ടിടം പൊളിച്ചു മാറ്റി വാണിജ്യ സമുച്ചയം നിർമാണം ആരംഭിച്ചു.

ഇതോടെ യാത്രക്കാർ പെരുവഴിയിലായി. ബസുകൾ യാത്രക്കാരുമായി ബസ് സ്റ്റാൻഡിനുള്ളിൽ കയറുന്നതു നിർത്തി. കെഎസ്ആർടിസി ബസുകൾ ദേശീയപാതയിൽ നിർത്തി യാത്രക്കാരെ കയറ്റുകയും ഇറക്കുകയും ചെയ്തു തുടങ്ങി. യാത്രക്കാർ മഴയും വെയിലുമേറ്റ് ദേശീയപാതയോരത്ത് ബസ് കാത്തു നിൽക്കേണ്ട ഗതികേടിലായിരുന്നു.

ബസ് സ്റ്റേഷനുള്ളിലെ യാർഡ് കുണ്ടും കുഴിയുമായി തകർന്നു കിടക്കുകയായിരുന്നു. ഇതു മൂലം ബസുകൾ നിർത്തിയിടാൻ കഴിയാത്ത സ്ഥിതിയായിരുന്നു. അതുപോലെ ബസുകൾ സ്റ്റേഷനുള്ളിൽ നിന്നു പുറത്തേക്ക് പോകുന്നതിന് വഴിയില്ലായിരുന്നു. ഇത് സ്റ്റാൻഡിനുള്ളിലേക്ക് ബസുകൾ കയറുന്നതിനു തടസ്സമാകുകയും ചെയ്തു.

ഇതേ തുടർന്ന് ബസ് സ്റ്റേഷനിലെ യാർഡും പുറത്തേക്കുള്ള റോഡും നിർമിക്കാൻ രമേശ് ചെന്നിത്തല എംഎൽഎ പ്രാദേശിക വികസന ഫണ്ടിൽ നിന്നു ഒരു കോടി രൂപ അനുവദിച്ചു. ഇത് ഉപയോഗിച്ചാണ് യാർഡിന്റെയും റോഡിന്റെയും നിർമാണം ഇപ്പോൾ പൂർത്തീകരിച്ചത്. കെഎസ്ആർടിസി ബസുകൾ വടക്കു ഭാഗത്തുകൂടി സ്റ്റേഷനുള്ളിലേക്കു കയറുകയും തെക്കു ഭാഗത്തു കൂടി ദേശീയപാതയിൽ എത്തുന്ന വിധത്തിലാണ് ക്രമീകരണങ്ങൾ നടത്തുന്നതെന്നു അധികൃതർ പറഞ്ഞു. ബസ് സ്റ്റേഷനുള്ളിൽ യാത്രക്കാർക്ക് ഇരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഓടയുടെ നിർമാണം ആരംഭിക്കുമ്പോൾ ബസ് സ്റ്റേഷനുള്ളിലേക്ക് ബസുകൾ കയറുന്നതിനുള്ള ക്രമീകരണങ്ങളിൽ ചില മാറ്റങ്ങൾ ഉണ്ടാകുമെന്നും അധികൃതർ പറഞ്ഞു. അഞ്ചുകോടി രൂപയോളം മുടക്കി നിർമിച്ച വാണിജ്യ സമുച്ചയവും ഉദ്ഘാടനം ചെയ്യും. വാണിജ്യ സമുച്ചയത്തിൽ ഒരു ധനകാര്യ സ്ഥാപനവും കെഎസ്ആർടിസി ഓഫിസുകളും മാത്രമാണ് പ്രവർത്തിക്കുന്നത്.

കോർപറേഷൻ അധികൃതർ പല തവണ ലേലം വിളിച്ചെങ്കിലും കടകൾ വാടകയ്ക്ക് എടുക്കാൻ ആരും തയാറായിട്ടില്ല. ബസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതോടെ കടമുറികൾ വാടകയ്ക്കു പോകുമെന്ന പ്രതീക്ഷയിലാണ് കോർപറേഷൻ അധികൃതർ.

## വിവ കേരളം ലക്ഷ്യം കൈവരിച്ച ആദ്യ പഞ്ചായത്തായി മൈലപ്ര

**തിരുവനന്തപുരം:** വിളർച്ച മുക്ത കേരളത്തിനായി സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ 'വിവ (വിളർച്ചയിൽ നിന്നും വളർച്ചയിലേക്ക്) കേരളം' കാമ്പയിനിലൂടെ ലക്ഷ്യം കൈവരിച്ച ആദ്യ പഞ്ചായത്തായി പത്തനംതിട്ട മൈലപ്ര പഞ്ചായത്ത് മാറി. മൈലപ്ര പ്രാഥമികാരോഗ്യ കേന്ദ്രം വഴിയാണ് പരിശോധനയും ചികിത്സയും ഉറപ്പാക്കിയത്. പഞ്ചായത്തിലെ 15 മുതൽ 59 വയസുവരെയുള്ള മുഴുവൻ പെൺകുട്ടികളിലും സ്ത്രീകളിലും അനീമിയ പരിശോധന നടത്തുകയും ആവശ്യമായവർക്ക് ചികിത്സ ഉറപ്പാക്കുകയും ചെയ്തു. മികച്ച പ്രവർത്തനം നടത്തി ലക്ഷ്യം കൈവരിച്ച ആദ്യ പഞ്ചായത്തായ മൈലപ്രയിലെ മുഴുവൻ ആരോഗ്യ പ്രവർത്തകരെയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

ഈ കാമ്പയിനിലൂടെ സംസ്ഥാന വ്യാപകമായി 7.5 ലക്ഷം പേരെ അനീമിയ പരിശോധ നടത്തി ആവശ്യമായവർക്ക് തുടർചികിത്സ ഉറപ്പാക്കി. 15 മുതൽ 59 വയസുവരെയുള്ള പെൺകുട്ടികളിലും സ്ത്രീകളിലും അനീമിയ കണ്ടെത്തുകയും ആവശ്യമായവർക്ക് ചികിത്സ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ഈ കാമ്പയിന്റെ പ്രധാന ലക്ഷ്യം. ഇതിലൂടെ മറഞ്ഞിരുന്ന അനേകം പേരുടെ അനീമിയ കണ്ടെത്താനും ചികിത്സ നൽകാനും സാധിച്ചിട്ടുണ്ട്.

ഗ്രാമീണ, നഗര, ട്രൈബൽ, തീരദേശ മേഖലകൾക്ക് പ്രത്യേക പ്രാധാന്യം നൽകിയാണ് വിവ കേരളം കാമ്പയിൻ സംഘടിപ്പിച്ച് വരുന്നത്. വിവിധ സ്ഥാപനങ്ങൾ, അങ്കണവാടി പ്രവർത്തകർ, ആശവർക്കർമാർ, ആരോഗ്യ പ്രവർത്തകർ എന്നിവർക്കായി പ്രത്യേക കാമ്പയിനും നടത്തി വരുന്നു. നേരിയ അനീമിയ ബാധിച്ചവർക്ക് ആഹാരത്തിലും ജീവിതശൈലിയിലും മാറ്റം വരുത്താനുള്ള അവബോധം നൽകുന്നു. സാരമായ അനീമിയ ബാധിച്ചവർക്ക് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി ചികിത്സ നൽകുന്നു. ഗുരുതര അനീമിയ ബാധിച്ചവർക്ക് താലൂക്ക്, ജില്ലാതല ആശുപത്രികൾ വഴി ബ്ലഡ് ട്രാൻസ്ഫ്യൂഷൻ ഉൾപ്പെടെയുള്ള ചികിത്സ നൽകിവരുന്നു. അനീമിയയ്ക്ക് പ്രധാന കാരണമായ പോഷകാഹാര കുറവ് പരിഹരിക്കുന്നതിന് നടപടികളും സ്വീകരിച്ചു വരുന്നു.

## കെ. എസ്. എഫ്. ഇ ലാഭവിഹിതമായി 35 കോടി സർക്കാരിന് കൈമാറി

**തിരുവനന്തപുരം:** 202021 സാമ്പത്തിക വർഷം കെ.എസ്.എഫ്.ഇ. ഡിവിഡന്റ് ഇനത്തിൽ സർക്കാരിന് നൽകുവാനുള്ള 35 കോടി രൂപയുടെ ചെക്ക് കെ.എസ്.എഫ്.ഇ. ചെയർമാൻ കെ. വരദരാജൻ ധനമന്ത്രി കെ.എൻ. ബാലഗോപാലിന് കൈമാറി. റവന്യൂ മന്ത്രി കെ.രാജൻ ചടങ്ങിൽ പങ്കെടുത്തു.

കെ.എസ്.എഫ്.ഇ. മാനേജിംഗ് ഡയറക്ടർ എസ്.കെ.സനിൽ, ജനറൽ മാനേജർ (ഫിനാൻസ്) എസ്. ശരത്ചന്ദ്രൻ, ഡയറക്ടർ ബോർഡ് അംഗങ്ങളായ ടി. നരേന്ദ്രൻ, സിനി.ജെ.ഷുക്കൂർ, ബി.എസ്. പ്രീത, സംഘടനാ നേതാക്കളായ എസ്. അരുൺ ബോസ്, എസ്. മുരളീകൃഷ്ണപിള്ള, എസ്.സുശീലൻ, എസ്. വിനോദ് എന്നിവരും പങ്കെടുത്തു.

# പകർച്ചവ്യാധി പ്രതിരോധ അവലോകനം നടത്തും: ആരോഗ്യ മന്ത്രി

**തിരുവനന്തപുരം:** സംസ്ഥാനത്ത് പകർച്ചപ്പനി പ്രതിരോധം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആരോഗ്യ മന്ത്രി വീണാ ജോർജ്, തദ്ദേശസ്വയംഭരണ മന്ത്രി എം.ബി രാജേഷ്, പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി എന്നിവരുടെ നേതൃത്വത്തിൽ ആരോഗ്യം, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം വകുപ്പുകളുടെ യോഗം ചേർന്നു. ജൂലൈ മാസത്തിൽ പകർച്ചപ്പനി വ്യാപനത്തിന് സാധ്യതയുള്ളതിനാൽ പ്രതിരോധ പ്രവർത്തനങ്ങളും ജാഗ്രതയും ശക്തമാക്കണമെന്ന് യോഗശേഷം നടത്തിയ വാർത്താ സമ്മേളനത്തിൽ ആരോഗ്യ മന്ത്രി വീണാ ജോർജ് പറഞ്ഞു. ഗുരുതര രോഗികൾ ഒരേ സമയം ആശുപത്രികളിലെത്തിയാൽ ആശുപത്രി സംവിധാനത്തിന് താങ്ങാൻ പറ്റില്ല. അത്തരമൊരു സാഹചര്യമുണ്ടാവാതിരിക്കാൻ വകുപ്പുകൾ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾ നടത്തണം. കുട്ടികളിൽ ഇൻഫ്ളുവൻസ കൂടി വരികയാണ്. ഈ സാഹചര്യത്തിൽ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനത്തിനും പൊതുവിൽ എടുക്കേണ്ട തീരുമാനങ്ങൾ ചർച്ച ചെയ്യാനുമാണ് യോഗം വിളിച്ചതെന്നും മന്ത്രി പറഞ്ഞു.

വരുന്ന ആഴ്ചകളിൽ വെള്ളി, ശനി, ഞായർ ദിവസങ്ങൾ തോറും ഡ്രൈ ഡേ ആചരിക്കണം. വെള്ളിയാഴ്ച സ്കൂളുകൾ, ശനിയാഴ്ച ഓഫീസുകൾ, ഞായറാഴ്ച വീടുകൾ എന്നിങ്ങനെയാണ് ഡ്രൈ ഡേ ആചരിക്കേണ്ടത്. സർക്കാർ സ്വകാര്യ ഓഫീസുകളും സ്ഥാപനങ്ങളും ശുചീകരണ പ്രവർത്തനങ്ങൾ നടത്തി പ്രതിരോധം ഉറപ്പാക്കണം.

കുട്ടികളിൽ ഇൻഫ്ളുവൻസ കേസുകൾ കൂടി വരുന്ന സാഹചര്യം കണക്കിലെടുത്ത് വിദ്യാഭ്യാസ വകുപ്പ് പ്രവർത്തനങ്ങൾ ശക്തമാക്കും. പകർച്ചപ്പനി അവബോധത്തിനായി എല്ലാ സ്കൂളുകളിലും ജൂൺ 23 ന് ആരോഗ്യ അസംബ്ലി നടത്തും. സ്കൂളുകളെക്കൂടി ആരോഗ്യ വകുപ്പിന്റെ ഹോട്ട്സ്പോട്ട് പരിശോധനയിൽ ഉൾപ്പെടുത്തും. ആരോഗ്യ പ്രവർത്തകർ സ്കൂളുകൾ സന്ദർശിച്ച് മാർഗ നിർദേശങ്ങൾ നൽകും. ഒരു ക്ലാസിൽ അഞ്ചിൽ കൂടുതൽ കുട്ടികൾ പനി ബാധിച്ച് ഹാജരാകാതിരുന്നാൽ ആരോഗ്യ പ്രവർത്തകരെ അറിയിക്കണം. തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുട്ടികൾ കുടിക്കാൻ പാടുള്ളൂ. കുട്ടികൾ മാസ്ക് ധരിക്കുന്നതാണ് നല്ലത്. പനിയുള്ള കുട്ടികളെ സ്കൂളിലേക്ക് അയയ്ക്കരുത്.



ജില്ലകളിൽ കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ അവലോകന യോഗം ചേരുന്നതാണ്. ഹരിതകർമ്മസേന, സന്നദ്ധ പ്രവർത്തകർ, റസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയവരുടെ പിന്തുണകൂടി ഉറപ്പ് വരുത്തും. വാർഡ് തലത്തിൽ ആരോഗ്യ ജാഗ്രതാ സമിതികൾ യോഗം ചേർന്ന് നടപടി സ്വീകരിക്കണം. കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ ശക്തമാക്കും. നിർമ്മാണ തൊഴിലാളികൾ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിതകർമ്മ സേനാ പ്രവർത്തകർ, കർഷകർ, ക്ഷീര കർഷകർ, അരുമ മൃഗങ്ങളെ വളർത്തുന്നവർ എന്നിവരുടെ സുരക്ഷ ഉറപ്പാക്കാൻ അവബോധം ശക്തിപ്പെടുത്തും. ആൾപ്പാർപ്പില്ലാത്ത വീടുകൾ, തോട്ടങ്ങൾ തുടങ്ങിയയിടങ്ങളിൽ കൊതുകിന്റെ ഉറവിടത്തിന് കാരണമായാൽ നിയമപ്രകാരം നോട്ടീസ് നൽകി നടപടിയെടുക്കും.

ജില്ലാതലത്തിൽ കൂടാതെ തദ്ദേശ തലത്തിൽ രണ്ടാഴ്ചയിലൊരിക്കൽ യോഗം വിളിക്കുമെന്ന് മന്ത്രി എം.ബി രാജേഷ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. മെഡിക്കൽ ഓഫീസർ, കുടുംബശ്രീ, ഹരിതകർമ്മ സേന, തൊഴിലുറപ്പ്, പാടശേഖര സമിതി തുടങ്ങിയ പ്രതിനിധികളെ കൂടി യോഗത്തിൽ ഉൾപ്പെടുത്തും. ഹോട്ട് സ്പോട്ടുകളിൽ പ്രത്യേക ഇടപെടൽ നടത്തുന്നതാണ്. മഴക്കാല ശുചീകരണം നേരത്തെ തന്നെ നടത്തി വരുന്നു. നല്ല മാറ്റമുണ്ടായി. തദ്ദേശ സ്ഥാപനങ്ങൾ ശുചീകരണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി ഡ്രൈ ഡേ ആചരിക്കുമെന്നും മന്ത്രി പറഞ്ഞു.

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഡോ. രത്തൻ ഖേൽക്കർ, പൊതു വിദ്യാഭ്യാസ ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. തോമസ് മാത്യു, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## ബ്രഹ്മപുരത്ത് 7 ലക്ഷം ടൺ മാലിന്യം

# ബയോമൈനിങ്ങിനു കോർപറേഷൻ പുതിയ ടെൻഡർ വിളിച്ചു



**കൊച്ചി:** ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ നിന്നു നീക്കാനുള്ളത് 7 ലക്ഷം ടൺ മാലിന്യം. കെട്ടിക്കിടക്കുന്ന ഈ മാലിന്യം ബയോമൈനിങ് നടത്തി നീക്കം ചെയ്യാനായി കൊച്ചി കോർപറേഷൻ വീണ്ടും ടെൻഡർ വിളിച്ചു. 70 കോടി രൂപയാണു ചെലവു കണക്കാക്കുന്നത്. 16 മാസമാണു പദ്ധതി കാലയളവ്. ബ്രഹ്മപുരത്തു നേരത്തേ ബയോമൈനിങ് നടത്തി ശേഖരിച്ച ഒരു ലക്ഷം ടൺ റെഫ്യൂസ് ഡിറൈവ്ഡ് ഫ്യുവൽ (ആർഡിഎഫ്) നീക്കം ചെയ്യുന്നതും പുതിയ ടെൻഡറിൽ ഉൾപ്പെടുന്നു.

ബ്രഹ്മപുരത്തെ 108 ഏക്കർ സ്ഥലത്തെ 80 ഏക്കർ സ്ഥലത്തു കഴിഞ്ഞ 15 വർഷമായി കോർപറേഷൻ തള്ളിയ ജൈവ അജൈവ മാലിന്യമാണു നീക്കം ചെയ്യാനുള്ളത്. ബയോമൈനിങ് നടത്താനായി സോണ്ട ഇൻഫ്രാടെക്കിനു നൽകിയിരുന്ന കരാർ ബ്രഹ്മപുരം തീപിടിത്തത്തെ തുടർന്നു റദ്ദാക്കിയിരുന്നു. 5.53 ലക്ഷം ഘനമീറ്റർ മാലിന്യം നീക്കാൻ 54 കോടി രൂപയ്ക്കായിരുന്നു പഴയ കരാർ. കെട്ടിക്കിടക്കുന്ന 7 ലക്ഷം ടൺ മാലിന്യത്തിൽ 4 ലക്ഷം ടൺ മുൻ കരാറുകാരായ സോണ്ട ഇൻഫ്രാടെക് ബയോമൈനിങ് നടത്താതെ ബാക്കിയാക്കിയതാണ്. അവർ ബയോമൈനിങ് നടത്തി ശേഖരിച്ച ആർഡിഎഫാണ് ഒരു ലക്ഷം ടൺ. സോണ്ടയ്ക്കു കരാർ നൽകിയ 2020നു ശേഷം കോർപറേഷൻ കൊണ്ടു വന്നു തള്ളിയതാണു 2 ലക്ഷം ടൺ മാലിന്യം.

കഴിഞ്ഞ തവണ ബയോമൈനിങ് കരാറിനു ടെൻഡർ ക്ഷണിച്ചതു സംസ്ഥാന വ്യവസായ വികസന കോർപറേഷൻ (കെഎസ്ഐഡിസി) മുഖേനയായിരുന്നു. എന്നാൽ ഇത്തവണ കെഎസ്ഐഡിസിയെ പൂർണമായും ഒഴിവാക്കി കോർപറേഷൻ സ്വന്തം നിലയിലാണു ടെൻഡർ വിളിച്ചിട്ടുള്ളത്. കഴിഞ്ഞ 7 വർഷത്തിനിടയിൽ കുറഞ്ഞത് ഒറ്റ പദ്ധതിയിൽ 7 ലക്ഷം ടണ്ണോ, 3 പദ്ധതികളിലായി 10.5 ലക്ഷം ടണ്ണോ ബയോ മൈനിങ് നടത്തിയ കമ്പനികളെയാണു കരാറിനു

ബ്രഹ്മപുരത്തു ബയോമൈനിങ് നടത്തി ശേഖരിക്കുന്ന റെഫ്യൂസ് ഡിറൈവ്ഡ് ഫ്യുവൽ (ആർഡിഎഫ്) നീക്കേണ്ടതു കരാർ കമ്പനിയുടെ ചുമതലയാണ്. എന്നാൽ നേരത്തേ കരാറെടുത്തിരുന്ന സോണ്ട ഇൻഫ്രാടെക് ബയോമൈനിങ് നടത്തി ശേഖരിച്ച ആർഡിഎഫ് ബ്രഹ്മപുരത്ത് ആരംഭിക്കാനിരിക്കുന്ന വൈദ്യുതി പ്ലാന്റിൽ ഉപയോഗിക്കാമെന്നു പറഞ്ഞ് അവിടെ തന്നെ സൂക്ഷിക്കുകയായിരുന്നു. തങ്ങൾക്കു പാട്ടത്തിനു നൽകിയ സ്ഥലത്ത് ആർഡിഎഫ് സൂക്ഷിക്കാൻ അനുമതി നൽകി കെഎസ്ഐഡിസിയും സോണ്ടയെ സഹായിച്ചു.

എന്നാൽ പുതിയ ടെൻഡർ പ്രകാരം നിലവിൽ കെട്ടിക്കിടക്കുന്ന ഒരു ലക്ഷം ടൺ ആർഡിഎഫ് നീക്കേണ്ടതും പുതുതായി കരാറെടുക്കുന്ന കമ്പനിയുടെ ചുമതലയാണ്. കുറഞ്ഞത് 2 ലക്ഷം ടൺ ആർഡിഎഫ് എങ്കിലും സിമന്റ് പ്ലാന്റുകൾക്കോ മറ്റോ കൈമാറിയ മുൻ പരിചയമുള്ളവർക്കു മാത്രമേ ഇനി കരാർ നൽകുകയുള്ളൂ. കരാർ ലഭിച്ചാൽ കുറഞ്ഞതു മൂന്നര ലക്ഷം ടൺ ആർഡിഎഫ് കൈമാറുന്നതിനു കമ്പനികളുമായുണ്ടാക്കിയ കരാറും നൽകണം.

വീണ്ടും ബയോമൈനിങ് നടത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കു സോണ്ടയിൽ നിന്നു ചെലവ് ഈടാക്കുന്നതു കോർപറേഷൻ പരിഗണിക്കുന്നുണ്ട്. കോർപറേഷനെതിരെ സോണ്ട നൽകിയ ആർബിട്രേഷൻ ഹർജി ജില്ല കോടതിയുടെ പരിഗണനയിലാണ്.

# കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ എയർ കോൺകോഴ്സ്

**കോഴിക്കോട്:** വിമാനത്താവള നിലവാരത്തിലേക്ക് ഉയരുന്ന കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ ഏറ്റവും ആകർഷകമാവുക എയർ കോൺകോഴ്സ് എന്ന ഇടനാഴിയാകും. പ്ലാറ്റ്ഫോമിൽനിന്ന് 8 മീറ്റർ ഉയരത്തിൽ, കിഴക്കും പടിഞ്ഞാറുമുള്ള പ്രവേശന കവാടങ്ങളെ ബന്ധിപ്പിച്ചു നിർമിക്കുന്ന ഈ മേൽപാലത്തിന് 48 മീറ്റർ ആയിരിക്കും വീതി. 110 മീറ്റർ നീളവും. യാത്രക്കാർക്ക് വിവിധ പ്ലാറ്റ്ഫോമുകളിലേക്ക് ഇറങ്ങാൻ വഴിയൊരുക്കുന്നതിനു പുറമെ ഈ വഴിയിൽ കഫറ്റീരിയകളും ഐസ് ക്രീം പാർലറുകളും മറ്റു ചെറിയ കടകളും തുറക്കും. ഇത്രയും വീതിയിൽ കോൺകോഴ്സ് കോഴിക്കോട്ട് മാത്രമാണ് വരുന്നത്. എറണാകുളത്ത് 24 മീറ്റർ ആണെങ്കിൽ തിരുവനന്തപുരത്ത് ഇത് 36 മീറ്ററിലാണ്.

പ്ലാറ്റ്ഫോം ടിക്കറ്റ് എടുക്കാത്തവർക്കും ഇതുവഴി യാത്ര ചെയ്യാം. കോൺകോഴ്സിനു മുകളിൽ ലഭ്യമാകുന്ന സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ ടിക്കറ്റ് എടുക്കാത്തവർക്കും സാധിക്കും. അതേസമയം ഇവർക്ക് പ്ലാറ്റ്ഫോമുകളിലേക്ക് പ്രവേശനമുണ്ടാകില്ല. നഗരങ്ങളിൽ ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം തടസ്സപ്പെടുത്തും വിധം റെയിൽവേ സ്റ്റേഷൻ നിലനിൽക്കുന്നതായി ഉയർന്ന പരാതിക്കു പരിഹാരംകൂടി ആയാണ് ഇരുഭാഗത്തേക്കും സഞ്ചാരം അനുവദിക്കുന്ന തരത്തിൽ എയർ കോൺകോഴ്സ് സങ്കൽപം ഉയർന്നത്.

മൊത്തം 5280 സ്ക്വയർ മീറ്റർ വിസ്തീർണത്തിൽ ഉയരുന്ന കോൺകോഴ്സിൽ ഇരിപ്പിടങ്ങൾ ഉൾപ്പെടെ യാത്രക്കാർക്ക് ഉപയോഗിക്കാവുന്ന സ്ഥലം 1425 സ്ക്വയർ മീറ്ററായിരിക്കും. കടകൾ ഉൾപ്പെടെ വാണിജ്യാവശ്യങ്ങൾക്കായി 1409 സ്ക്വയർ മീറ്ററുമുണ്ടാകും. ടിക്കറ്റ് എടുക്കാത്തവർ ഉൾപ്പെടെ ഉപയോഗിക്കാവുന്ന പൊതു സ്ഥലം 2446 സ്ക്വയർ മീറ്ററുമുണ്ടാകും. 5 നിലകളിലായി വിമാനത്താവള നിലവാരത്തിൽ വരുന്ന പുതിയ റെയിൽവേ സ്റ്റേഷന്റെ നിർമാണം 3 മാസത്തിനകം ആരംഭിക്കും. 473 കോടി രൂപ ചെലവിൽ നടപ്പാക്കുന്ന വികസന പ്രവൃത്തികൾ 2026 ഡിസംബറിനകം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

### സൗജന്യ കെ.എ.എസ് പരീക്ഷാ പരിശീലനം

**തിരുവനന്തപുരം:** പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം മണ്ണന്തലയിൽ പ്രവർത്തിക്കുന്ന ഗവ: പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ ആറ് മാസത്തെ സൗജന്യ കെ.എ.എസ് പരീക്ഷാ പരിശീനം നൽകുന്നു. പി.എസ്.സി നിഷ്കർഷിക്കുന്ന വിദ്യാഭ്യാസ യോഗ്യതക്ക് അനുസൃതമായി കെ.എ.എസ് പരീക്ഷാ പരിശീലനത്തിലേയ്ക്കായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം.

ജാതി, വരുമാനം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, ഫോട്ടോ എന്നിവ സഹിതം ഗവ: പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ നിന്നും ലഭിക്കുന്ന അപേക്ഷാ ഫോമിൽ ജൂലൈ അഞ്ചിന് മുമ്പായി അപേക്ഷ നൽകണം. പട്ടികജാതി/പട്ടികവർഗ്ഗക്കാരായ ഉദ്യോഗാർഥികൾക്ക് സർക്കാർ ഉത്തരവിന് വിധേയമായി സ്റ്റൈപന്റ് ലഭിക്കും.

### ബിടെക് ഇവനിങ് പ്രവേശനം

**തിരുവനന്തപുരം:** 202324 അധ്യയന വർഷത്തെ ബി.ടെക് ഈവനിങ് പ്രവേശനത്തിനുള്ള അപേക്ഷകൾ ജൂൺ 30 മുതൽ ജൂലൈ 25 വരെ www.admissions.dtekerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി സ്വീകരിക്കും. വിശദാംശങ്ങളും പ്രോസ്പെക്റ്റസും വെബ്സൈറ്റിൽ ലഭിക്കും. പൊതുവിഭാഗത്തിലെ അപേക്ഷകർക്ക് 800 രൂപയും പട്ടിക ജാതി/ പട്ടിക വിഭാഗത്തിലെ അപേക്ഷകർക്ക് 400 രൂപയുമാണ് അപേക്ഷാ ഫീസ് .

ഓൺലൈൻ ആയി (internet banking/UPI Payment/credit or debit cardt ransaction) വഴി അപേക്ഷാ ഫീസ് അടയ്ക്കാം. വിശദ വിവരങ്ങൾക്ക്: 0471 2561313.

### കമ്പ്യൂട്ടർ വേർഡ് പ്രോസസിങ് പരീക്ഷ

**തിരുവനന്തപുരം:** കേരളാ ഗവൺമെന്റ് ടെക്നിക്കൽ എക്സാമിനേഷൻ കമ്പ്യൂട്ടർ പരീക്ഷ ജൂലൈ 18 മുതൽ എൽ.ബി.എസിന്റെ കേരളത്തിലെ വിവിധ സെന്ററുകളിൽ നടക്കും. പരീക്ഷയിൽ പങ്കെടുക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ളവർക്ക് www.lbscetnre.kerala.gov.in se KGTE2023 എന്ന ലിങ്കിലൂടെ ഓൺലൈനായി ഫീസടച്ച് പരീക്ഷാസമയവും, തീയതിയും തെരഞ്ഞെടുക്കാം. മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്ന സമയക്രമങ്ങളിൽ ഏതെങ്കിലുമൊന്ന് സെലക്ട് ചെയ്തവർക്കു മാത്രമേ പരീക്ഷയിൽ പങ്കെടുക്കുവാൻ സാധിക്കൂ. സമയക്രമം സെലക്ട് ചെയ്തവർക്ക് രജിസ്ട്രേഷൻ സ്ലിപ്പ് ലഭിക്കും. ഈ രജിസ്ട്രേഷൻ സ്ലിപ്പും പരീക്ഷാഭവനിൽ നിന്നും ലഭിച്ച ഹാൾടിക്കറ്റും പരീക്ഷാസമയത്ത് ഹാജരാക്കണം. മലയാളം ലോവർ, മലയാളം ഹയർ, ഇംഗ്ലീഷ് ലോവർ, ഇംഗ്ലീഷ് ഹയർ എന്നീ വിഷയങ്ങൾക്ക് ഇത്തരത്തിൽ പ്രത്യേകം പ്രത്യേകമായി സമയം തെരഞ്ഞെടുക്കണം. ഫീസടയ്ക്കുവാനും സമയക്രമം തെരഞ്ഞെടുക്കുവാനുമുള്ള അവസരം ജൂൺ 27 മുതൽ ജൂലൈ 15 വരെ വെബ്സൈറ്റിൽ ലഭിക്കും. പരീക്ഷാ ഫീസായി ലോവറിന് 200 രൂപയും ഹയറിന് 250 രൂപയും അടക്കണം.



# 20 കോടി വെള്ളത്തിൽ, നോക്കുകുത്തിയായി ബ്രഹ്മഗിരി മീറ്റ് ഫാക്ടറി

**ബത്തേരി:** ബ്രഹ്മഗിരി ഡവലപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ സൗകര്യങ്ങളിലും സംവിധാനങ്ങളിലും ഏഷ്യയിലെ തന്നെ രണ്ടാമത്തെ മാംസ സംസ്കരണ ഫാക്ടറി എന്ന പെരുമയോടെ തുടങ്ങിയ മലബാർ മീറ്റ് ഫാക്ടറി പൂർണമായും പ്രവർത്തനരഹിതമായി. ഇവിടെ ഇപ്പോൾ ഒരു കിലോ മാംസം പോലും സംസ്കരിക്കുന്നില്ല. 3 ഷിഫ്റ്റുകളിലായി 100 വീതം പോത്തുകളെയും ആടുകളെയും 6000 വീതം കോഴികളെയും ആടുകളെയും സംസ്കരിച്ച് പായ്ക്ക് ചെയ്യാൻ ശേഷിയുള്ളതാണ് ഫാക്ടറി. എന്നാൽ, സാമ്പത്തിക പ്രതിസന്ധിയിൽ പ്രവർത്തനം നിലച്ചു. ആട്, പോത്ത്, കോഴി, താറാവ്, മുയൽ എന്നിവയുടെ മാസം സംസ്കരിച്ചെടുക്കാനാണ് ബ്രഹ്മഗിരിയിൽ സൗകര്യമുള്ളത്. എന്നാൽ, കഴിഞ്ഞ ഒരു വർഷത്തോളമായി പോത്തുകളെ ഇവിടെ അറുത്തിട്ടേയില്ല. ഇപ്പോൾ ഒന്നിനെയും അറക്കുന്നുമില്ല. കേരള ചിക്കൻ പദ്ധതിക്കായി ബ്രഹ്മഗിരി 20 കോടി രൂപയാണ് ഇറക്കിയത്.

പ്രതിസന്ധി രൂക്ഷമായതോടെ പേരിനു മാത്രം ജീവനക്കാർ വന്നു പോകുന്ന ഇടമായി മാറി. 12 ഏക്കർ സ്ഥലമാണ് ഫാക്ടറിയുടെ പ്രവർത്തനത്തിനായി ഉള്ളത്. ബ്രഹ്മഗിരിയുടെ മാംസത്തിനു നല്ല ഡിമാൻഡ് ഉണ്ടായിരുന്നിട്ടും ഇറച്ചി ഉൽപാദിപ്പിച്ച് ആവശ്യക്കാരിലേക്കെത്തിക്കാൻ ബ്രഹ്മഗിരിക്കായില്ല. യന്ത്രങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി 3 ഷിഫ്റ്റിൽ പ്രവർത്തിപ്പിക്കാനുള്ള ഇച്ഛാശക്തി ഭരണസമിതി കാണിച്ചാൽ ബ്രഹ്മഗിരിക്കു പുതുജീവനേകിയേക്കാം. ഒരു ടണ്ണോളം താറാവ് ഇറച്ചി മാത്രമാണ് ഇനി ബ്രഹ്മഗിരിയിൽ സ്റ്റോക്കുള്ളത്. അതും അവിടെ നിന്ന് കൽപറ്റ കിൻഫ്രയിലുള്ള കോൾഡ് സ്റ്റോറേജിലേക്കു മാറ്റാൻ നിർദേശം നൽകിയതായാണ് അറിയുന്നത്. ആലപ്പുഴയിൽ നിന്ന് താറാവുകളെ എത്തിച്ചാണ് ഫാക്ടറിയിൽ സംസ്കരിച്ചിരുന്നത്. വൈദ്യുത ബന്ധം വിഛേദിക്കപ്പെടാനുള്ള സാധ്യത കൂടി കണക്കിലെടുത്താണ് ഇറച്ചി മാറ്റാനുള്ള തീരുമാനമെന്നറിയുന്നു.

ബ്രഹ്മഗിരിയിൽ നിക്ഷേപം നടത്തിയവർ രൂപീകരിച്ച ആക്ഷൻ കമ്മിറ്റി പ്രതിനിധികൾ, സിപിഎം ജില്ലാ സെക്രട്ടറി പി. ഗഗാറിനും ബ്രഹ്മഗിരി ചെയർമാൻ പി.കെ. സുരേഷിനും ഇന്നലെ നിവേദനം സമർപ്പിച്ചു. നിക്ഷേപകരുടെ ആശങ്കകൾ പങ്കുവയ്ക്കുന്നതായിരുന്നു നിവേദനം. ആശങ്ക വേണ്ടെന്നും അനുകൂല തീരുമാനങ്ങൾ പാർട്ടിയിൽ നിന്നും സർക്കാരിൽ നിന്നും ഉടൻ ഉണ്ടാകുമെന്നും പി. ഗഗാറിൻ അറിയിച്ചതായി ആക്ഷൻ കമ്മിറ്റി പ്രതിനിധികൾ പറഞ്ഞു. ബ്രഹ്മഗിരി വിഷയം പാർട്ടി ഏറ്റെടുത്തതായുള്ള ഉറപ്പാണ് ലഭിച്ചതെന്നും ആക്ഷൻ കമ്മിറ്റി പറയുന്നു. ആക്ഷൻ കമ്മിറ്റി പ്രസിഡന്റ് കുഞ്ഞുമോൻ, സെക്രട്ടറി എൻ. ആർ. മുരളി, ട്രഷറർ സി.എ. ജോസ് എന്നിവർ ചേർന്നാണ് നിവേദനം നൽകിയത്.

പച്ചിലക്കാട് കാപ്പി സംസ്കരണ യൂണിറ്റ് പ്രവർത്തനം തുടങ്ങിയിരുന്നെങ്കിലും ജീവനക്കാർ പലരും വിട്ടുപോയതോടെ പ്രവർത്തനവും ക്ഷയിച്ചു. വാടകക്കെട്ടിടത്തിലാണ് അവിടെ പ്രവർത്തനം. ഗുണനിലവാരമുള്ള അഗ്രി കെമിക്കൽ എന്ന ലോഷൻ ഉൽപ്പാദിപ്പിച്ചെങ്കിലും ഇപ്പോൾ ആവശ്യത്തിനു ഫണ്ട് ഇല്ല.

മണ്ണ്, ജലം എന്നിവ പരിശോധിക്കുന്നതിനുള്ള ലാബ് ഒരുക്കിയിട്ടുണ്ടെങ്കിലും ഒരാളുടെ മേൽനോട്ടത്തിലാണ് പ്രവർത്തനം.

അറവു മാലിന്യങ്ങളിൽ നിന്ന് വളം ഉൽപാദിപ്പിക്കുന്ന റെൻഡറിങ് പ്ലാന്റ് കോടികൾ മുടക്കി സജ്ജമാക്കിയിരുന്നെങ്കിലും അറവ് നിലച്ചതോടെ വളനിർമാണവും താളം തെറ്റി.

മഞ്ഞാടിയിലുള്ള മലബാർ മീറ്റ് ഫാക്ടറിയുടെ വൈദ്യുത ബിൽ കുടിശിക 13.5 ലക്ഷമാണ്. വൈദ്യുത ബന്ധം വിഛേദിക്കാനുള്ള നടപടികളിലാണ് കെഎസ്ഇബി. മാസം ശരാശരി 3 ലക്ഷം രൂപയുടെ ബില്ലാണ് വന്നിരുന്നത്. വൈദ്യുതിബിൽ അടക്കാൻ കഴിയാതായത് പ്രവർത്തനങ്ങളെ ഏറെ പ്രതികൂലമായി ബാധിച്ചു.

## തയ്യൽ തൊഴിലാളി ക്ഷേമനിധി: മസ്റ്ററിംഗ് നടത്തണം

**തൃശ്ശൂർ:** 2022 ഡിസംബർ 31 വരെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട എല്ലാ ഗുണഭോക്താക്കളും 2023 ജൂൺ 30നുള്ളിൽ അക്ഷയ കേന്ദ്രങ്ങൾ വഴി ബയോമെട്രിക് മസ്റ്ററിംഗ് നടത്തണം.

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, കിടപ്പുരോഗികൾ, വൃദ്ധജനങ്ങൾ എന്നിങ്ങനെ കേന്ദ്രങ്ങളിൽ എത്തിച്ചേരാൻ കഴിയാത്തവരുടെ വിവരം കേന്ദ്രങ്ങളിൽ അറിയിക്കണം. അക്ഷയ കേന്ദ്രം പ്രതിനിധി പ്രസ്തുത ഗുണഭോക്താക്കളുടെ വീട്ടിലെത്തി മസ്റ്ററിംഗ് നടത്തും. ബയോമെട്രിക് മസ്റ്ററിംഗ് പരാജയപ്പെടുന്നവർ ലൈഫ് സർട്ടിഫിക്കറ്റ് കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് തൃശ്ശൂർ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കണം. 2024 മുതൽ എല്ലാ വർഷവും ജനുവരി 1 മുതൽ ഫെബ്രുവരി 28/29നകം തൊട്ടു മുൻപുള്ള വർഷം ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾ അക്ഷയ കേന്ദ്രങ്ങൾ വഴി ബയോമെട്രിക് മസ്റ്ററിംഗ് നടത്തേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയവർക്കു മാത്രമേ മസ്റ്ററിംഗിനുള്ള നിശ്ചിത കാലാവധിക്കു ശേഷം പെൻഷൻ വിതരണം നടത്തുകയുള്ളു എന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

## പ്രീ സ്കൂൾ കിറ്റ്

**തൃശ്ശൂർ:** വനിതാ ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വെള്ളാങ്ങല്ലൂർ ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസിന്റെ പരിധിയിലുള്ള 111 അങ്കണവാടികളിലേക്ക് ഗുണനിലവാരമുള്ള പ്രീസ്കൂൾ കിറ്റ് വിതരണം ചെയ്യുന്നതിന് തയ്യാറുള്ള വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്ന് മത്സരാടിസ്ഥാനത്തിലുള്ള മുദ്ര വെച്ച ദർഘാസുകൾ ക്ഷണിക്കുന്നു. അവസാന തിയ്യതി : ജൂലൈ മൂന്നിന് ഉച്ചയ്ക്ക് 2.30 വരെ. ഫോൺ: 0480 2865916.

# 761 പേർക്ക് പ്ലേസ്മെന്റ്; ചരിത്രം കുറിച്ച് തൃശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജ്

**തൃശൂർ:** ഗവ എൻജിനീയറിംഗ് കോളേജിൽ 2022 അധ്യയന വർഷം ബിരുദം പൂർത്തീകരിച്ച 761 വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റ് സെൽ വഴി ജോലി ലഭിച്ചു. കോളേജിന്റെ ചരിത്രത്തിലെ ഏറ്റവും മികച്ച പ്ലേസ്മെന്റ് പ്രകടന മാണിത്.

2023 ൽ ഇനിയും കമ്പനികൾ വരാനിരിക്കെ നിലവിൽ 570ൽ പരം ഓഫറുകൾ കോളേജ് പ്ലേസ്മെന്റ് സെല്ലിന് നൽകാനായി. ഈ അധ്യയന വർഷവും മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം കോർ കമ്പനികളായ ഇന്ത്യൻ ഓയിൽ കോർപറേഷൻ ലിമിറ്റഡ്, എം ആർ എഫ്, ജെ എസ് ഡബ്, സിവിൽ എഞ്ചിനീയറിംഗ് വിഭാഗം കോർ കമ്പനികളായ എൽ ആൻഡ് ടി കൺക്ഷൻസ്, ശോഭ കൺസ്ട്രക്ഷൻസ്, ആർ ബീ സ്ട്രക്ച്ചേഴ്സ്, കമ്പ്യൂട്ടർ സയൻസ് വിഭാഗം കോർ കമ്പനികളായ ഒറാക്കിൾ, പബ്ലിസിസ് സാപിയൻറ്സ്,



ബാറ്റൺ സിസ്റ്റംസ്, കെമിക്കൽ എഞ്ചിനീയറിംഗ് കോർ കമ്പനികളായ സുഡ് കെമി നയാ എനർജി, റിലയൻസ്, ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ് വിഭാഗം കോർ കമ്പനികളായ അനോറ, ഹിറ്റാച്ചി, എസ് എഫ് ഓ എന്നീ കമ്പനികൾക്കു പുറമെ ടി സി എസ്, സി ടി എസ്, ഈ വൈ, അൻജർ, ഫെഡറൽ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, തുടങ്ങി 80ൽ പരം കമ്പനികളിൽ ക്യാമ്പസ് റിക്രൂട്ട്മെന്റ് വഴി വിദ്യാർത്ഥികൾ ജോലിയിൽ പ്രവേശിച്ചു.

അലുമ്നിയുടെ സഹായത്തോടെ ഗൾഫ് മേഖലയിലേക്കുള്ള ഓവർസീസ് റിക്രൂട്ട്മെന്റ് വഴിയും വിദ്യാർത്ഥികൾക്ക് ജോലി നേടാനായി. ഇന്റേൺഷിപ്പ് കം പ്ലേസ്മെന്റ് വഴി ബഹുരാഷ്ട്ര കമ്പനികളിൽ ജോലി ലഭിച്ച് പഠന കാലത്തു തന്നെ അതത് സേവന മേഖല തെരഞ്ഞെടുത്ത് കോഴ്സ് തീരുന്ന ഉടൻ ജോലിയിൽ പ്രവേശിക്കാനും സാധിക്കുന്നുണ്ട്. അക്കാദമിക് പരമായും സാങ്കേതികപരമായും മികച്ചു നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഒന്നിലധികം പ്ലേസ്മെന്റ് ലഭിക്കാനുള്ള അവസരം ഉപയോഗപ്പെടുത്തി 110 വിദ്യാർത്ഥികൾ രണ്ട് വീതം കമ്പനികളിലും 74 വിദ്യാർത്ഥികൾക്ക് 3 വീതം കമ്പനികളിലും ഒരേ സമയം പ്ലേസ്മെന്റ് നേടാൻ സാധിച്ചു.




## ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ആരോഗ്യ സുരക്ഷ ഒരുക്കി മാള ബി.ആർ.സി. ക്യാംപ്

**തൃശൂർ:** പൊതുവിദ്യാഭ്യാസ വകുപ്പ് സമഗ്രശിക്ഷ കേരളം വഴി മാള ബിആർസിയുടെ ആഭിമുഖ്യത്തിൽ ഭിന്നശേഷി വിഭാഗത്തിലെ കുട്ടികൾക്കായി സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പിന്റെ ഉദ്ഘാടനം അഡ്വ. വി ആർ സുനിൽകുമാർ എംഎൽഎ നിർവഹിച്ചു.

അംഗീകൃത പ്രീ പ്രൈമറി, എലിമെന്ററി മുതൽ ഹയർസെക്കൻഡറി വരെയുള്ള ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്കായി നടത്തുന്ന 2023 24 വർഷത്തെ ക്യാംപ് ജൂൺ 21 മുതൽ 24 വരെ മാള ബി.ആർ.സി.യിൽ നടക്കും.അന്നമനട പഞ്ചായത്ത് പ്രസിഡന്റ് പി വി വിനോദ് അധ്യക്ഷത വഹിച്ച ചടങ്ങിൽ മാള ബിആർസി ബിപിസി സെബി എ പെല്ലിശ്ശേരി പദ്ധതി വിശദീകരണം നടത്തി.

അന്നമനട ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ മെമ്പർ ഒ സി രവി, ഗവ. യുപി സ്കൂൾ അന്നമനടയിലെ പ്രധാന അധ്യാപകൻ വി വി ശശി, ബിആർസി കോർഡിനേറ്റർ വിദ്യ മുകുന്ദൻ എന്നിവർ ആശംസകൾ നേർന്നു.

# കുടുംബശ്രീ കേരളത്തെ സാമ്പത്തിക പുരോഗതിയിലേക്ക് നയിച്ചു: മന്ത്രി എം. ബി. രാജേഷ്




**കൊച്ചി:** കഴിഞ്ഞ 25 വർഷമായി സ്ത്രീശാക്തീകരണത്തിലൂടെ കേരളത്തിന്റെ സാമൂഹിക സാമ്പത്തിക രംഗത്തെ പുരോഗതിയിലേക്ക് നയിക്കാൻ കുടുംബശ്രീക്ക് കഴിഞ്ഞുവെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ്. ദേശീയ നഗര ഉപജീവന ദൗത്യവും കുടുംബശ്രീയും സംയുക്തമായി നഗരമേഖലയിലെ ക്രിയാത്മക ഇടപെടലുകൾ എന്ന വിഷയത്തിൽ അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ സംഘടിപ്പിക്കുന്ന ദ്വിദിന ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.സ്ത്രീകളിലൂടെ കുടുംബത്തിലേക്ക് എത്തിച്ചേരുക, കുടുംബത്തിലൂടെ സമൂഹത്തിലേക്ക് എത്തുക എന്ന ആശയത്തിലൂന്നിയ പ്രവർത്തനമാണ് ദാരിദ്ര്യ നിർമാർജന പദ്ധതികൾ നടപ്പിലാക്കാൻ കുടുംബശ്രീയെ പ്രാപ്തമാക്കുന്നത്. ശക്തമായ സാമൂഹിക അധിഷ്ഠിത ജനാധിപത്യ സംഘടനാ സംവിധാനത്തിലൂടെയാണ് കുടുംബശ്രീ പ്രവർത്തിക്കുന്നത്.ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നിവ ഉൾപ്പെടുന്ന മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾക്ക് മാത്രം പ്രാധാന്യം നൽകാതെ അഭിപ്രായ സ്വാതന്ത്ര്യം, സാമൂഹിക സ്വീകാര്യത, ജനാധിപത്യം, അഭിപ്രായസ്വാതന്ത്ര്യം,തീരുമാനമെടുക്കുന്നതിൽ പങ്കാളിത്തം തുടങ്ങിയ അടിസ്ഥാന അവകാശങ്ങളും ഉറപ്പാക്കിക്കൊണ്ട് ബഹുമുഖ ദാരിദ്ര്യം ഇല്ലാതാക്കുകയാണ് കുടുംബശ്രീയുടെ ലക്ഷ്യം.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംസ്ഥാനത്തിന്റെ വികസനത്തിൽ നിർണായക പങ്ക് വഹിക്കുവാൻ കുടുംബശ്രീക്ക് കഴിഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ദാരിദ്ര്യ നിർമ്മാർജന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിയത്. നീതി ആയോഗിന്റെ ബഹുമുഖ ദാരിദ്ര്യ സൂചകപ്രകാരം രാജ്യത്ത് ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമാണ് കേരളം. അതീവ ദരിദ്രരെ കണ്ടെത്തി ദാരിദ്ര്യത്തെ പൂർണമായി തുടച്ചുനീക്കാനുള്ള പ്രവർത്തനങ്ങളാണ് ദാരിദ്ര്യ നിർമാർജന പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്. കുടുംബശ്രീയുടെ നേതൃത്വത്തിൽ നടന്ന സർവയിലൂടെ 64,006 പേരെ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. ദാരിദ്ര്യം പൂർണമായി തുടച്ചുനീക്കുന്നതിനുള്ള പ്രവർത്തനങ്ങളിലും കുടുംബശ്രീ പ്രധാന പങ്ക് വഹിക്കുമെന്നും അദ്ദേഹം പറഞ്ഞു. സർക്കാരിന്റെ വിവിധ പദ്ധതികൾ കുടുംബശ്രീയുടെ വനിതാ ശൃംഖലയ്ക്ക് സുസ്ഥിരമായ ഉപജീവനമാർഗം നേടുന്നതിന് പിന്തുണ നൽകിയിട്ടുണ്ട്. മാലിന്യ സംസ്കരണ മേഖലയിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം ഉദാഹരണമാണ്.കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ദാരിദ്ര്യ നിർമാർജന പദ്ധതികൾ നടപ്പിലാക്കുന്നതിൽ കുടുംബശ്രീയുടെ 25 വർഷത്തെ പരിചയം ദേശീയ നഗര ഉപജീവന ദൗത്യം കേരളത്തിൽ വിജയകരമായി നടപ്പാക്കുന്നതിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ചുവെന്ന് മന്ത്രി പറഞ്ഞു. നഗര ദ രിദ്രരുടെ ജീവിത പുരോഗതി ലക്ഷ്യമിട്ടു കൊണ്ട് കുടുംബശ്രീ മുഖേന സംസ്ഥാനത്ത് 2015 മുതൽ വിജയകരമായി നടപ്പാക്കി വരുന്ന പദ്ധതിയാണ് ദേശീയ നഗര ഉപജീവന ദൗത്യം. പദ്ധതിയുടെ ഒന്നാം ഘട്ടം അവസാനിക്കുന്നതിനെ തുടർന്ന് രണ്ടാം ഘട്ടത്തിനുള്ള മാർഗനിർദേശങ്ങൾ രൂപപ്പെടുത്തുന്നതിൻറെ ഭാഗമായി സംഘടിപ്പിക്കുന്ന ശിൽപശാലയിലൂടെ പുതിയ ആശയങ്ങൾ കണ്ടെത്താൻ സാധിക്കട്ടെയെന്ന് അദ്ദേഹം ആശംസിച്ചു.ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, ദീൻ ദയാൽ അന്ത്യോദയദേശീയ നഗര ഉപജീവന ദൗത്യം, പി.എം സ്വാനിധി ജോയിൻറ് സെക്രട്ടറിയും മിഷൻ ഡയറക്ടറുമായ രാഹുൽ കപൂർ, ഗുരുവായൂർ നഗരസഭ ചെയർമാനും ചേംബർ ഓഫ് മുൻസിപ്പൽ ചെയർമാൻ കേരള അധ്യക്ഷനുമായ എം. കൃഷ്ണദാസ്, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അനു കുമാരി, എൻ.യു.എൽ.എം പദ്ധതി ഡയറക്ടർമാരായ ഡോ. മധുറാണി തിയോത്തിയ, ശാലിനി പാണ്ഡെ എന്നിവർ പങ്കെടുത്തു.ചടങ്ങിൽ ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതി ദേശീയതലത്തിൽ മികച്ച രീതിയിൽ നടപ്പാക്കിയ സംസ്ഥാനങ്ങൾക്കുള്ള പുരസ്കാര വിതരണം നടന്നു. നഗരമേഖലയിലെ സൂക്ഷ്മസംരംഭങ്ങൾ50 പഠനങ്ങൾ, പുസ്തക പ്രകാശനം, പദ്ധതി സംബന്ധിച്ച ഹ്രസ്വചിത്രത്തിൻറെ സ്ക്രീനിങ്ങ് എന്നിവയും നടന്നു.രണ്ടുദിവസങ്ങളിലായി നടക്കുന്ന ശിൽപശാല ശനിയാഴ്ച സമാപിക്കും.

# എം.എസ്.എം.ഇ ദിനാചരണവും സംരംഭക സെമിനാറും ജൂൺ 26ന്

**കൊച്ചി:** കേന്ദ്രസർക്കാരിന്റെ സൂക്ഷ്മ ചെറുകിട ഇടത്തര സംരംഭ മന്ത്രാലയത്തിന് കീഴിലുള്ള എം.എസ്.എം.ഇ ഡെവലപ്മെന്റ് ആൻഡ് ഫെസിലിറ്റേഷൻ ഓഫീസിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര എം.എസ്.എം.ഇ ദിനാചരണവും സംരംഭകർക്കായി ഏകദിന സെമിനാറും നടത്തുന്നു. സംരംഭകർക്കായുള്ള ഏകദിന ബോധവത്കരണ സെമിനാർ എസ്.സി.എം.എസ് കൊച്ചിൻ സ്കൂൾ ഓഫ് ബിസിനസ് കളമശ്ശേരിയിൽ ജൂൺ 26ന് വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്യും. എസ്.സി.എം.എസ് കൊച്ചിൻ സ്കൂൾ ഓഫ് ബിസിനസ്, എസ്.ഐ.ഡി.ബി.ഐ, എൻ.എസ്.ഐ.സി എന്നിവരുടെ സഹകരണത്തോടെയാണ് സെമിനാർ നടത്തുന്നത്. 5 കോടി രൂപ വരെ ഈടില്ലാത്ത വായ്പ, എസ്.ഐ.ഡി.ബി.ഐ മുഖേനയുള്ള ഭാരത സർക്കാരിൽ നിന്നുള്ള എംഎസ്എംഇ നിർദ്ദിഷ്ട വായ്പ, കുറഞ്ഞ പലിശ നിരക്കിൽ സംസ്ഥാന സർക്കാരിന്റെ വായ്പാ പദ്ധതികൾ, ഫണ്ട് ഓഫ് ഫണ്ട് വഴി എംഎസ്എംഇ കളിൽ ഇന്ത്യാ ഗവൺമെന്റ് നിക്ഷേപം, അസംസ്കൃത വസ്തുക്കൾ സഹായ പദ്ധതി, കയറ്റുമതി വിപണിയിൽ എങ്ങനെ പ്രവേശിക്കാം, കയറ്റുമതിക്കുള്ള സർക്കാർ പിന്തുണ, വിപണി കണ്ടെത്തുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നുള്ള സഹായങ്ങൾ, സർക്കാർ പിന്തുണയിലൂടെ നിങ്ങളുടെ എംഎസ്എംഇയുടെ പ്രകടനം എങ്ങനെ വർദ്ധിപ്പിക്കാം ട്രേഡ്മാർക്ക് എന്നിവയെ പറ്റിയുള്ള സെഷൻസ് ഉണ്ടായിരിക്കും.ഈ പരിപാടിയിലേക്കുള്ള രജിസ്ട്രേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. മുൻകൂട്ടി രജിസ്റ്റർ ചെയ്തവർക്കു മാത്രമാണ് പ്രവേശനം. രജിസ്റ്റർ ചെയ്യാനുള്ള ഗൂഗിൾ ഫോം ലിങ്ക് https://bit.ly/INTLMSME23 അല്ലെങ്കിൽ പേര്, ഓഫീസ് അഡ്രസ്, മൊബൈൽ നമ്പർ, ഇ മെയിൽ അഡ്രസ് എന്നിവ 8330080536 എന്ന നമ്പറിൽ വാട്സ് ആപ്പ് വഴി മെസ്സേജ് അയക്കുക

## ഏകദിന ഫാബ്രിക് പെയിന്റിംഗ് വർക്ക് ഷോപ്പ്

**കൊച്ചി:**സംസ്ഥാന സർക്കാരിന്റെ ഉന്നത വിദ്യഭ്യാസ വകുപ്പിന്റെ കീഴിലുള്ള അസാപ് കേരളയുടെ കളമശ്ശേരിയിൽ സ്ഥിതി ചെയുന്ന കമ്മ്യൂണിറ്റിസ്കിൽ പാർക്കിൽ ഏകദിന ഫാബ്രിക് പെയിന്റിംഗ് വർക്ക് ഷോപ്പ് സംഘടിപ്പിക്കുന്നു. ജൂലൈ 2 നാണ് വർക്ക് ഷോപ്പ് നടക്കുക. കലംകാരി, വർളി, മധുബനി തുടങ്ങിയ ഭാരതീയ ഡിസൈനിങ് ഇവിടെ പരിശീലിപ്പിക്കുന്നതാണ്. വിവിധ തരം വസ്ത്രങ്ങളിൽ ഉപയോഗിക്കാവുന്ന ഡിസൈനുകൾ കൂടി വർക്ക് ഷോപ്പിൽ ഉൾപ്പെടുത്തിയിട്ട്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക 9778598336/ 9495219570

## ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾ സർട്ടിഫിക്കറ്റ് പ്രോഗ്രാമിലേക്ക് അപേക്ഷിക്കാം

**കൊച്ചി:** സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾ സർട്ടിഫിക്കറ്റ് പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. ഓൺലൈൻ പാർട്ട് ടൈം സർട്ടിഫിക്കറ്റ് പ്രോഗ്രാമിൽ പങ്കെടുക്കാൻ താല്പര്യമുള്ള ഡോക്ടർമാർ, ഡിഗ്രി/ഡിപ്ലോമ ഉള്ള നഴ്സിംഗ്, പാരാമെഡിക്കൽ, അഡ്മിനിസ്ട്രേഷൻ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2023 ജൂൺ 30. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക 9048110031 / 8075553851. www.srccc.in

## റവന്യൂ റിക്കവറി അദാലത്ത് നടത്തി ജിസിഡിഎ

**കൊച്ചി:** ചെയർമാൻ കെ. ചന്ദ്രൻ പിള്ളയുടെ നേതൃത്വത്തിൽ ജിസിഡിഎയും റവന്യൂ വകുപ്പും ചേർന്ന് സംയുക്തമായി സംഘടിപ്പിച്ച റവന്യൂ റിക്കവറി അദാലത്ത് ജിസിഡിഎ മുഖ്യ കാര്യാലയത്തിൽ നടന്നു. അർഹമായ ഇളവുകൾ പരിഗണിച്ചും രമ്യമായ ചർച്ചകളിലൂടെയും 1,10,05131 (ഒരു കോടി പത്തു ലക്ഷത്തി അയ്യായിരത്തി ഒരുന്നൂറ്റി മുപ്പത്തിയൊന്ന് രൂപ) രൂപയോളം തുക ആകെ വരുന്ന 29 ഓളം കേസുകൾ തീർപ്പാക്കി. 10 വർഷത്തോളമായി വിവിധ കാരണങ്ങളാൽ തീർപ്പാക്കാൻ സാധിക്കാതിരുന്ന കേസുകളാണ് ജിസിഡിഎയുടെയും റവന്യൂ വകുപ്പിന്റെയും ശ്രമഫലമായി തീർപ്പാക്കിയത്. കേസുകൾ തീർപ്പാക്കുന്നതിന് സന്നദ്ധരായവരിൽ നിന്ന് 2023 ജൂൺ 20 വരെ അപേക്ഷ സ്വീകരിച്ചിരുന്നു.ജിസിഡിഎ സെക്രട്ടറി ടി. എൻ. രാജേഷ്, കണയന്നൂർ, കൊച്ചി, കുന്നത്തുനാട്, ആലുവ, പറവൂർ എന്നീ താലൂക്കുകളിലെ തഹസിൽദാർമാർ, റവന്യു വകുപ്പ് ഉദ്യോഗസ്ഥർ, ജിസിഡിഎ റവന്യു വിഭാഗം ഉദ്യോഗസ്ഥർ എന്നിവർ അദാലത്തിൽ പങ്കെടുത്തു.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2023 ജൂലൈ സെഷനിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ അക്യുപ്രഷർ ആന്റ് ഹോളിസ്റ്റിക് ഹെൽത്ത് കെയർ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ആറു മാസമാണ് കോഴ്സ് കാലാവധി. 18 വയസിനു മുകളിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ഇല്ല. ശനി/ഞായർ പൊതു അവധി ദിവസ ങ്ങളിലാകും കോാക്ട് ക്ലാസ്സുകൾ സംഘടിപ്പിക്കുക. തിയറിക്കും പ്രാക്ടിക്കലിനും തുല്യ പ്രാധാന്യം നൽകിയാണ് കോഴ്സ് നടത്തുന്നത്. https://apps.rccc.in/register എന്ന ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കാം. വിശദവിവരങ്ങൾ www.srccc.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ലഭിക്കേ അവസാന തീയതി 2023 ജൂലൈ 15. ചേരാനാഗ്രഹിക്കുന്നവർ സ്റ്റഡി സെന്ററുമായി ബന്ധപ്പെടുക.ഡോ. അൻസാർ ഹീലിംഗ് ടച്ച്, വൈറ്റില, എറണാകുളം, ഫോൺ : 97472047

## ഐ.എച്ച്.ആർ.ഡിയുടെ ഹ്രസ്വകാല കോഴ്സുകളിലേക്ക് അപേക്ഷിക്കാം

**കൊച്ചി:** ഐ.എച്ച്.ആർ.ഡിയുടെ അനുബന്ധ സ്ഥാപനമായ മോഡൽ ഫിനിഷിങ് സ്കൂൾ എറണാകുളത്ത് ആരംഭിക്കുന്ന ഹ്രസ്വകാല കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 30 .കോഴ്സുകൾ :വെബ് ഡെവലപ്മെന്റ് ഇൻ പൈത്തൻ ഡിജാൻങ്കോ (Python Django), പിഎച്ച്പി, ജാവ. കാലാവധി മൂന്ന് മാസം ആണ്. കൂടുതൽ വിവിരങ്ങൾക്ക് ഫോൺ0484 2985252

## ടെണ്ടർ ക്ഷണിച്ചു

**കൊച്ചി:**വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള മുളന്തുരുത്തി ഐ.സി.ഡി.എസ്. പ്രൊജക്റ്റിലെ അങ്കണവാടികളിലെ കുട്ടികളുടെ ആവശ്യത്തിനായി പ്രീ സ്കൂൾ കിറ്റ് വിതരണം ചെയ്യുന്നതിന് ജി എസ് ടി രജിസ്ട്രേഷനുള്ള വ്യക്തികൾ, സ്ഥാപനങ്ങളിൽ നിന്നും ടെണ്ടറുകൾ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 7 വൈകിട്ട് 3.30 വരെ. കൂടുതൽ വിവരങ്ങൾക്ക് 04842786680, 9947864784.

## ക്യാഷ് അവാർഡിന് അപേക്ഷിക്കാം

**കൊച്ചി:** 202223 അദ്ധ്യയന വർഷത്തിൽ എല്ലാ വിഷയങ്ങൾക്കും A+/A1 നേടി പത്താം ക്ലാസ് / പ്ലസ് ടു വിജയിച്ചിട്ടുള്ള വിമുക്ത ഭടന്മാരുടെ മക്കൾക്ക് സംസ്ഥാന സൈനിക ക്ഷേമ വകുപ്പ് നൽകുന്ന ക്യാഷ് അവാർഡിന് അപേക്ഷിക്കാം. ആഗസ്റ്റ് 25 ന് (2023) മുൻപായി ജില്ലാ സൈനിക ക്ഷേമ ഓഫീസിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക, ഫോൺ 0484 2422239.

## മിനിമം വേതന ഉപദേശക സമിതി തെളിവെടുപ്പ് ജൂലൈ 7 ന്

**കൊച്ചി:** സംസ്ഥാനത്തെ റബ്ബർ ക്രോപ്പ് മിൽസ്, സെയിൽസ് പ്രൊമോഷൻ ഓഫ് ഫാർമസ്യൂട്ടിക്കൽസ് മേഖലകളിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള മിനിമം വേതന ഉപദേശക ഉപസമിതിയുടെ തെളിവെടുപ്പ് ജൂലൈ 7 ന് യഥാക്രമം രാവിലെ 10.30 നും 11.30 നും കോട്ടയം എം.എൽ റോഡിലുള്ള കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ വ്യാപാരഭവൻ ഹാളിൽ നടക്കും. തെളിവെടുപ്പ് യോഗത്തിൽ ജില്ലയിലെ ഈ മേഖലയിൽ പ്രവർത്തിച്ച് വരുന്ന തൊഴിലാളി / തൊഴിലുടമ പ്രതിനിധികൾ പങ്കെടുക്കണമെന്ന് ജില്ലാ ലേബർ ഓഫീസർ പി.ജി വിനോദ് കുമാർ അറിയിച്ചു.

## വിദ്യാർഥികൾക്കായി സാമ്പത്തിക സാക്ഷരത ക്വിസ്

**ആലപ്പുഴ:** ഭാരതീയ റിസർവ് ബാങ്ക് സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സർക്കാർ സ്കൂളുകളിലെ എട്ട്, ഒൻപത് 10 ക്ലാസുകളിലെ വിദ്യാർഥികൾക്കായി സാമ്പത്തിക സാക്ഷരത ക്വിസ് നടത്തുന്നു. ഉപജില്ലാതലം മുതൽ ദേശീയ തലത്തിൽ വരെയാണ് മത്സരം. ജൂൺ, ജൂലൈ മാസങ്ങളിലായി നടക്കുന്ന മത്സരത്തിലേക്കായി ഓരോ സർക്കാർ സ്കൂളിൽ നിന്നും ഒരു ടീമിന് പങ്കെടുക്കാം. ര് വിദ്യാർഥികൾ അടങ്ങുന്നതാണ് ഒരു ടീം. ആദ്യ ഘട്ടമായ ഉപജില്ലാതല ക്വിസ് മത്സരം ജൂൺ 26ന് ഓൺലൈനായി നടക്കും. വിജയികൾക്ക് ക്യാഷ് അവാർഡും പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും സർട്ടിഫിക്കറ്റുകളും നൽകും. കൂടുതൽ വിവരങ്ങൾക്ക് അതാത് ഡി.ഇ.ഒ ഓഫീസുമായോ റിസർവ് ബാങ്ക് തിരുവനന്തപുരം റീജണൽ ഓഫീസുമായോ ബന്ധപ്പെടാം. ഫോൺ: 9447754658.

## ബക്രിദ് ഖാദി മേളയ്ക്ക് തുടക്കമായി

**ആലപ്പുഴ:** കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ ഈ വർഷത്തെ ബക്രീദ് ഖാദി മേളയ്ക്ക് തുടക്കമായി. മേളയുടെ ജില്ലാതല ഉദ്ഘാടനം കയർ ക്ഷേമ നിധി ബോർഡ് ചീഫ് എക്സിക്യുട്ടീവ് ഓഫീസർ എം. മഞ്ജു നിർവഹിച്ചു. ബക്രീദ് പ്രമാണിച്ച് ജൂൺ 19 മുതൽ 27 വരെ 20 മുതൽ 30 ശതമാനം വരെ റിബേറ്റ് ലഭ്യമാണ്.ഖാദി ഗ്രാമസൗഭാഗ്യയിൽ നടന്ന ചടങ്ങിൽ സത്യസായി സഭ ജില്ല കോർഡിനേറ്റർ സാബു ആദ്യ വിൽപ്പന നടത്തി. ജില്ല പ്രോജക്ട് ഓഫീസർ പി.എം. ലൈല, അസിസ്റ്റൻഡ് രജിസ്ട്രാർ ഡി. ഷീബാമോൾ എന്നിവർ സംസാരിച്ചു.

## അപേക്ഷ ക്ഷണിച്ചു

**ആലപ്പുഴ:** സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി. കമ്മ്യൂണിറ്റി കോളേജിന്റെ ആഭിമുഖ്യത്തിൽ ഹോസ്പിറ്റൽ ഇൻഫെക്ഷൻ പ്രിവൻഷൻ ആന്റ് കൺട്രോളിൽ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. ഡോക്ടർമാർ, ഡിപ്ലോമയോ ഡിഗ്രിയോ ഉള്ള നഴ്സിംഗ്, പാരാമെഡിക്കൽ, അഡ്മിനിസ്ട്രേറ്റീവ് പ്രൊഫഷണലുകൾ എന്നിവർക്ക് അപേക്ഷിക്കാം. ജൂൺ 30നകം https://apps.rccc.in/register എന്ന ലിങ്കിലൂടെയാണ് അപേക്ഷിക്കേത്. ഫോൺ: 9048110031, 8075553851.

# അപൂർവ്വ ചികിൽസയിലൂടെ 26കാരൻ സാധാരണ ജീവിതത്തിലേക്ക്

**തിരുവനന്തപുരം:** തലയ്ക്കേറ്റ ഗുരുതരമായ പരുക്കിനെത്തുടർന്ന് കണ്ണിന്റെ കാഴ്ചപോലും നഷ്ടപ്പെടാവുന്ന അപകടാവസ്ഥയിലായിരുന്ന 26കാരനെ സാധാരണ ജീവിതത്തിലേക്ക് മടക്കികൊണ്ടുവന്ന് കിംസ്ഹെൽത്ത് തിരുവനന്തപുരം. കരോട്ടിഡ് കാവേർനസ് ഫിസ്റ്റുല (CCF) എന്നറിയപ്പെടുന്ന ഈ അപൂർവ രോഗാവസ്ഥയിൽ, തലച്ചോറിന്റെ പ്രവർത്തനങ്ങളെ സ്വാധീനിക്കുന്ന കരോറ്റിഡ് ആർട്ടറീസ് എന്ന രക്തക്കുഴലുകളും കണ്ണിന്റെ പിറകിലെ ഞരമ്പുകളും തമ്മിൽ അസാധാരണമായി കൂടിച്ചേരുകയും സ്ട്രോക്കിന് വരെ കാരണമായേക്കാം. ന്യൂറോ ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. സന്തോഷ് ജോസഫിന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘമാണ് കരോട്ടിഡ് കാവേർനസ് ഫിസ്റ്റുല (സിസിഎഫ്) എംബോളൈസേഷൻ എന്ന അപൂർവമായ ചികിത്സാരീതിയിലൂടെ അപകടകരമായ ഈ സാഹചര്യത്തിൽ നിന്ന് രോഗിയെ രക്ഷിച്ചെടുത്തത്.

തലയിലേക്കും തലച്ചോറിലേക്കും രക്തം എത്തിക്കുന്ന രക്തക്കുഴലുകളാണ് കരോറ്റിഡ് ആർട്ടറീസ്. തലയ്ക്ക് ഗുരുതരമായ പരിക്കേൽക്കുന്ന അത്യപൂർവ സന്ദർഭങ്ങളിൽ, കരോറ്റിഡ് ആർട്ടറീസും കണ്ണിന് പുറകിലെ ഞരമ്പുകളും തമ്മിൽ അസാധാരണമായി കൂടിച്ചേരുന്നു. ഇത് അമിത രക്തസ്രാവത്തിലേക്ക് നയിക്കുകയും സിരകളുടെ ശരിയായ ഡ്രെയിനേജ് തടസ്സപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ കണ്ണിലെ രക്തസമ്മർദ്ദം വർദ്ധിപ്പിക്കുകയും അത് തടിപ്പിനും കണ്ണിലെ ചുവപ്പിനും കാരണമാകുന്നു. കൃത്യമായ ചികിത്സ ലഭിക്കാതിരുന്നാൽ ഈ അവസ്ഥ കാഴ്ച നഷ്ടപ്പെടുന്നതിലേക്കും ചില അവസരങ്ങളിൽ സ്ട്രോക്കിന് വരെ കാരണമാകുമെന്ന് ഡോ. സന്തോഷ് ജോസഫ് പറഞ്ഞു.കരോട്ടിഡ് കാവേർനസ് ഫിസ്റ്റുള അഥവാ സിസിഎഫ് എംബോളൈസേഷനിലൂടെ കരോറ്റിഡ് ആർട്ടറീസ് രക്തക്കുഴലുകളും ഞരമ്പുകളും ചേരുന്നത് പ്ലാറ്റിനം കോയിലുകൾ ഉപയോഗിച്ച് തടയും. അതുവഴി രക്തയോട്ടം പൂർവസ്ഥിതിയിലാകും. രാജ്യത്ത് തന്നെ തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ മാത്രമാണ് ഈ ചികിത്സാരീതി നിലവിലുള്ളത്. കൃത്യസമയത്ത് അനിവാര്യമായ ഇടപ്പെടൽ നടത്താൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ടെന്നും ഡോ. സന്തോഷ് ജോസഫ് പറഞ്ഞു. രോഗിയിൽ സാധരണ രക്തയോട്ടം പുനഃസ്ഥാപിക്കാൻ കഴിഞ്ഞു. പ്ലാറ്റിനം കോയിലുകൾ സ്ഥാപിക്കുന്നത് പോലെയുള്ള നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗം നമ്മുടെ ആരോഗ്യ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്കാണ് വഴിതെളിക്കുന്നത്. ഇത്തരം ഇടപ്പെടലുകളിലൂടെ ആശുപത്രി വാസം കുറയ്ക്കുന്നതിനും എത്രയും വേഗത്തിൽ രോഗമുക്തി നേടാനും സാധാരണ ജീവിതത്തിലേക്ക് മടങ്ങാനും സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ന്യൂറോ ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗം അസ്സോസിയേറ്റ് കൺസൾട്ടന്റ് ഡോ. ദിനേശ് ബാബു, ന്യൂറോഅനസ്തേഷ്യ വിഭാഗം അസ്സോസിയേറ്റ് കൺസൾട്ടന്റ് ഡോ. ജയന്ത് ആർ ശേഷൻ എന്നിവരും ഒരു മണിക്കൂർ നീണ്ടുനിന്ന എംബോളൈസേഷന്റെ ഭാഗമായി.

# നിക്ഷേപ ശൃംഖല വ്യാപിപ്പിക്കാൻ പദ്ധതികളുമായി കേരള ഏഞ്ചൽ നെറ്റ്വർക്ക്

**കൊച്ചി:** കേരള ഏഞ്ചൽസ് നെറ്റ്വർക്ക് (കാൻ) നടപ്പു സാമ്പത്തിക വർഷം ആദ്യ പാദത്തിലെ നിക്ഷേപ പദ്ധതികൾ പ്രഖ്യാപിച്ചു. ബാംഗ്ലൂർ ആസ്ഥാനമായുള്ള ടെക് സ്റ്റാർട്ടപ്പായ നിറ്റിഗ്രിറ്റി എ.ഐ സൊല്യൂഷൻസിനാണ് ഒടുവിൽ നിക്ഷേപം ലഭിച്ചത്. ടൈ കേരളയുടെ സംരംഭമായ കേരള ഏഞ്ചൽ നെറ്റ്വർക്ക് സംസ്ഥാനത്തെ എയ്ഞ്ചൽ നിക്ഷേപകരുടെ കൂട്ടായ്മയാണ്. വളർച്ചാ സാധ്യതയുള്ള സ്റ്റാർട്ടപ്പുകൾക്കും പ്രാരംഭ ഘട്ട ബിസിനസുകൾക്കും നിക്ഷേപമൊരുക്കുകയും, വളർച്ച സാധ്യമാക്കുകയുമാണ് ലക്ഷ്യം. ആമസോണിലെ ഇകൊമേഴ്സ് പരിവർത്തനം ശക്തമാക്കാൻ കാറ്റലോഗുകൾ വിശകലനം ചെയ്യുന്ന അക അടിസ്ഥാനമാക്കിയുള്ള കാറ്റലോഗ് ഒപ്റ്റിമൈസേഷൻ പ്ലാറ്റ്ഫോമാണ് നിറ്റി ഗ്രിറ്റി. ബ്രാൻഡുകൾക്ക് ഇത് പ്രയോജനപ്പെടുത്താം. എ.ഐ, ഇകൊമേഴ്സ് മേഖലകളിലെ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിയുള്ള നിറ്റി ഗ്രിറ്റിയുടെ പുതിയ കാൽവെപ്പാണിത് ബ്രാൻഡുകളെ മുൻനിരയിലെ ത്തിക്കാനും നിലവിലെ ഉള്ളടക്കം പുതുക്കാനും ,ശീർഷകങ്ങൾ, വിവരണങ്ങൾ, ബുള്ളറ്റുകൾ, ചിത്രങ്ങൾ, വീഡിയോകൾ, ഉള്ളടക്കം എന്നിവ ഒപ്റ്റിമൈസ് ചെയ്യാനും സഹായിക്കുന്ന ഡാഷ്ബോർഡ് ആണിതെന്ന് നിറ്റിഗ്രിറ്റി സി ഇ ഒയും സഹസ്ഥാപകയുമായ നികിത ഭാർഗവ് പറഞ്ഞു.നൂതന ഉൽപ്പന്നങ്ങൾ ആമസോണിൽ നന്നായി വിൽക്കാനും, ആമസോണിലെ ഹിറ്റ് നിരക്ക് മെച്ചപ്പെടുത്താനും ആഗ്രഹികുന്ന ഇന്ത്യയിലെ ബ്രാൻഡുകൾക്കിടയിൽ സേവനവുമായി നിറ്റിഗ്രിറ്റി മുന്നേറുമെന്ന് 'കാൻ' നിക്ഷേപ റൗണ്ടിന് നേതൃത്വം നൽകുന്ന അഡ്വൈസറി ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ ദീപക് മോഹൻ പറഞ്ഞു.2020ൽ ആരംഭിച്ചത് മുതൽ, കാൻ കേരളത്തിൽ നൂതന പദ്ധതികളിലൂടെ ഗണ്യമായ സ്റ്റാർട്ടപ്പ് ഫണ്ടിങ്ങും നിക്ഷേപവും നടത്തിയിട്ടുണ്ടെന്ന് കെഎഎൻ പ്രസിഡന്റ് രവീന്ദ്രനാഥ് കമ്മത്ത് പറഞ്ഞു.കാൻ പുതുതായി രാജ്യത്തെ മറ്റ് ഏഞ്ചൽ നെറ്റ്വർക്ക്, വെഞ്ചർ കാപ്പിറ്റലിസ്റ്റുകൾ , എച്ച്.എൻ. ഐ കൾ എന്നിവരുമായി സഹകരിക്കാനും വിപുലീകരിക്കാനും നടപടി സ്വീകരിച്ച് വരുന്നു. ഇത് കേരളം ആസ്ഥാനമായുള്ള സ്റ്റാർട്ടപ്പുകൾക്കുള്ള നിക്ഷേപ സാധ്യതകൾ കൂട്ടത്തെ വിശാലമാക്കും. കേരളം ആസ്ഥാനമായുള്ള സംരംഭങ്ങളിൽ നിക്ഷേപം നടത്താൻ താൽപ്പര്യമുള്ള ഏഞ്ചൽ നിക്ഷേപകരുടെ ഒരു വലിയ ശൃംഖല ഒരുക്കിയാണ് ഇത് പ്രാവർത്തികമാക്കുകയെന്നും രവീന്ദ്രനാഥ് കമ്മത്ത് പറഞ്ഞു.

# പുതിയ ആദായ നികുതി കളക്ഷൻ പോർട്ടൽ ലഭ്യമാക്കി ഡിസിബി ബാങ്ക്

**കൊച്ചി:** പുതുതലമുറ സ്വകാര്യമേഖലാ ബാങ്കായ ഡിസിബി ബാങ്ക് ഇന്ത്യാ ഗവൺമെൻറ് ഇൻകം ടാക്സ് പോർട്ടലുമായി സംയോജിപ്പിച്ച് പുതിയ പ്രത്യക്ഷ നികുതി ശേഖരണ സംവിധാനം നടപ്പാക്കി. നികുത അടക്കാനും നികുതി റിട്ടേണുകളുടെ ഇഫയലിങ് നടത്താനും സൗകര്യപ്രദമായ ഒറ്റ പ്ലാറ്റ്ഫോമാണ് ഇതിലൂടെ നികുതിദായാകർക്കു ലഭിക്കുക.പേഴ്സണൽ, ബിസിനസ് ഇൻറർനെറ്റ് ബാങ്കിങ് സംവിധാനങ്ങൾ വഴിയോ ഡിസിബി ബാങ്ക് ശാഖകൾ സന്ദർശിച്ചോ പ്രത്യക്ഷ നികുതി അടവുകൾ നടത്താം. നികുതിദായർക്കായി അതിവേഗത്തിലുള്ള സുരക്ഷിതമായ നികുതി അടക്കൽ സൗകര്യമാണ് ഡിസിബി ബാങ്ക് ലഭ്യമാക്കുന്നതെന്ന് ഡിസിബി ബാങ്ക് റീട്ടെയിൽ ബാങ്കിങ് മേധാവി പ്രവീൺ കുട്ടി പറഞ്ഞു.

### ധനം ബിസിനസ് എക്സലൻസ് അവാർഡുകൾ വിതരണം ചെയ്തു

# സർക്കാർ ശ്രമം വിദ്യാസമ്പന്നരായ ചെറുപ്പക്കാരെ സംസ്ഥാനത്ത് പിടിച്ചുനിറുത്താൻ: ധനമന്ത്രി




**കൊച്ചി:** വിദ്യാസമ്പന്നരായ ചെറുപ്പക്കാരെ സംസ്ഥാനത്ത് തന്നെ പിടിച്ചുനിറുത്താനുള്ള പശ്ചാത്തലം ഒരുക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു. കൊച്ചി ലെ മെറിഡിയനിൽ നടന്ന പതിനഞ്ചാമത് ധനം ബിസിനസ് സമിറ്റ് ആൻഡ് അവാർഡ് നൈറ്റ്2023ൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. മനുഷ്യവിഭവ മൂലധനത്തിൽ കേരളത്തിന് വികസിത രാജ്യങ്ങളുടേതിന് തുല്യമായ വലിയ മികവുണ്ട്. ഭാവിയെ മുന്നിൽക്കണ്ട് അത് കൂടുതൽ മെച്ചപ്പെടുത്തണം.പലരും പറയുന്നുണ്ട് കേരളത്തിൽ നിന്ന് ചെറുപ്പക്കാർ പലരും വിദേശത്തേക്ക് പോകുകയാണെന്ന്. ശരിയാണ്. പക്ഷേ, അവർക്ക് ലോകത്തെവിടെയും പ്രവർത്തിക്കാനുള്ള മികവ് സമ്മാനിച്ചത് കേരളമാണെന്ന് ഓർക്കണം. കഴിവുള്ള നിരവധി പേർ വിദേശത്തേക്കും മറ്റ് സംസ്ഥാനങ്ങളിലേക്കും പോയിട്ടുണ്ട്. കേരളത്തിന് പിന്തുണ നൽകാൻ ആഗ്രഹിക്കുന്നവർ അതിനായി സഹകരിക്കണം. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹികക്ഷേമം, ശാസ്ത്രം തുടങ്ങിയ മേഖലകളിലെല്ലാം മികവ് കൂടുതൽ മെച്ചപ്പെടുത്തി ഒരുപോലെ മുന്നേറാനാണ് ശ്രമം. ആയിരം കോടി രൂപ വീതം ചെലവോടെ മൂന്ന് സയൻസ് പാർക്കുകൾ വരുന്നത് ഇതിന് ഉദാഹരണമാണ്. സംരംഭകരുടെ പ്രോത്സാഹനത്തിനായി കെ.എഫ്.സി മുഖേനയുള്ള വായ്പകൾ പോലും ആകർഷക പലിശയോടെ എളുപ്പമാക്കി. സർക്കാരും സംരംഭകരും ഒരുമിച്ച് പ്രവർത്തിച്ചാൽ വികസനലക്ഷ്യങ്ങൾ നേടാനാകുമെന്നും അദ്ദേഹം പറഞ്ഞു.ചടങ്ങിൽ ധനം ബിസിനസ് മാഗസിന്റെ 35ാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രത്യേക പുരസ്കാരങ്ങളായ ധനം ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് ഇൻഫോസിസ് സ്ഥാപകാംഗവും മുൻ വൈസ് ചെയർമാനും നിലവിൽ ആക്സിലർ വെഞ്ചേഴ്സിന്റെ ചെയർമാനുമായ ക്രിസ് ഗോപാലകൃഷ്ണനും ധനം ചെയ്ഞ്ച് മേയ്ക്കർ അവാർഡ് കുടുംബശ്രീ മിഷനും സമ്മാനിച്ചു. ഇവർക്കു പുറമെ ഫാക്ടിനെ തുടർച്ചയായി ലാഭപാതയിലെത്തിച്ച ചെയർമാനും മാനേജിംഗ് ഡയറക്റ്ററുമായ കിഷോർ റുംഗ്ത  ധനം ബിസിനസ് പ്രൊഫഷണൽ ഓഫ് ദി ഇയർ, ധനം എസ്എംഇ എന്റർപ്രണർ ഓഫ് ദി ഇയർ പുരസ്കാരം  പോപ്പീസ് ബേബി കെയർ പ്രോഡക്റ്റ്സ് സി എം ഡി ഷാജു തോമസ്, സേവന മെഡിനീഡ്സിന്റെ മാനേജിംഗ് ഡയറക്റ്റർ ബിനു ഫിലിപ്പോസ് ധനം വുമൺ എന്റർപ്രണർ ഓഫ് ദി ഇയർ, ആൾനൂഴികൾ വൃത്തിയാക്കുന്ന ശുചീകരണ റോബോട്ട് ബാൻഡികൂട്ടിന്റെ സൃഷ്ടാക്കളായ ജെന്റോബോട്ടിക്സ്  ധനം സ്റ്റാർട്ടപ്പ് ഓഫ് ദി ഇയർ പുരസ്കാരം എന്നിവയും മന്ത്രി സമ്മാനിച്ചു. എങ്ങനെ ബിസിനസുകളെ അടുത്ത തലത്തിലേക്ക് വളർത്താം എന്ന വിഷയത്തെ കേന്ദ്രീകരിച്ചുള്ള പാനൽ ചർച്ചയിൽ പാനൽ ചർച്ചയിൽ വിഗാർഡ് ഇൻഡസ്ട്രീസ് ചെയർമാൻ എമിരറ്റസ് കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി, ഐബിഎസ് എക്സിക്യൂട്ടീവ് ചെയർമാൻ വി കെ മാത്യൂസ്, ബിസ്‌ലരി ഇന്റർനാഷണൽ സിഇഒ ജോർജ് ആഞ്ചലോ, ഗ്രൂപ്പ് മീരാൻ ചെയർമാൻ നവാസ് മീരാൻ എന്നിവർ പങ്കെടുത്തു

# സതർലാൻഡിന്റെ സ്റ്റാഫ് ഗതാഗതത്തിനുപയോഗിക്കുന്ന വാഹനങ്ങളിൽ 20 എണ്ണം ഗ്രീൻ ടാക്സിയാക്കി

**കൊച്ചി:** പ്രമുഖ ഐടി കമ്പനിയായ സതർലാൻഡ് ഗ്ലോബൽ സർവീസിന്റെ കൊച്ചിയിലെ ജീവനക്കാരുടെ ഗതാഗത സേവനത്തിനുപയോഗിക്കുന്ന 100 വാഹനങ്ങളിൽ 20 എണ്ണം ഗ്രീൻ ടാക്സികളാക്കി. കഴിഞ്ഞ രണ്ട് ദശകത്തിലേറെയായി സതർലാൻഡിന്റെ ജീവനക്കാരുടെ ഗതാഗത സേവനം നൽകുന്ന എംജിഎസ് ട്രാവൽസിന്റെ വാഹനവ്യൂഹത്തിൽ പുതുതായി കൂട്ടിച്ചേർത്ത ഇരുപത് ടാറ്റാ എക്സ്പ്രസ്ടി ഇലക്ട്രിക് കാറുകൾ സതർലാൻഡിന്റെ സീനിയർ വൈസ് പ്രസിഡന്റ്  ഹെഡ് ഓഫ് എപിഎസി ഹരിത ഗുപ്ത കമ്പനയുടെ കൊച്ചി ആസ്ഥാനത്ത് ഫ് ളാഗ് ഓഫ് ചെയ്തു. വിപിയും ഹെഡ് ഓഫ് ഇന്ത്യാ ഓപ്പറേഷൻസുമായ ശ്രീജിത് രാജപ്പൻ, ഇന്ത്യാ ഹെഡ് ഓഫ് ഫസിലിറ്റീസ് ആൻഡ് ലോജിസ്റ്റിക്സ് കിരൺ വർഗീസ് തോമസ്, എവിപിയും കൊച്ചിൻ സൈറ്റ് ഹെഡുമായ മിഥുൻ മുകുന്ദൻ, എംജിഎസ് ട്രാവൽസ് എംഡി എം എസ് അനിൽകുമാർ എന്നിവർ പങ്കെടുത്തു. ഈ വർഷാവസാനത്തോടെ 100 വാഹനങ്ങളിൽ പകുതിയോളം ഈ വർഷം തന്നെ ഇത്തരം ഗ്രീൻ ടാക്സികളാക്കുമെന്നും പരിസ്ഥിതിയോടുള്ള കമ്പനിയുടെ പ്രതിജ്ഞാബദ്ധ



തയുടെ ഭാഗമാണ് ഈ നടപടിയെന്നും ചടങ്ങിൽ സംസാരിച്ച ഹരിത ഗുപ്ത പറഞ്ഞു. സതർലാൻഡിനും മറ്റ് സ്ഥാപനങ്ങൾക്കുമായി ഗതാഗത സേവനം നൽകുന്ന തങ്ങളുടെ വാഹനവ്യൂഹത്തിലെ ഇലക്ട്രിക് കാറുകളുടെ എണ്ണം ഈ വർഷത്തോടെ 100 ആക്കുമെന്ന് ചടങ്ങിൽ സംസാരിച്ച എം എസ് അനിൽകുമാർ പറഞ്ഞു.

# ബജാജ് അലയൻസ് ലൈഫിന് 950 കോടി രൂപയുടെ ബിസിനസ്

**കൊച്ചി:**  ബജാജ് അലയൻസ് ലൈഫ് ഇൻഷൂറൻസ് 2023 സാമ്പത്തിക വർഷത്തിൽ 53 ശതമാനം വർധനവോടെ 950 കോടി രൂപയുടെ പുതിയ ഇൻഷൂറൻസ് മൂല്യം കരസ്ഥമാക്കിയതായി മാനേജിങ് ഡയറക്ടറും സിഇഒയുമായ തരുൺ ചുഗ് പറഞ്ഞു.കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വ്യക്തിഗത പുതിയ ബിസിനസിന്റെ അടിസ്ഥാനത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന രാമത്തെ ലൈഫ് ഇൻഷൂറൻസ് സ്ഥാപനമെന്ന നേട്ടവും 39 ശതമാനമെന്ന സംയോജിത വാർഷിക വളർച്ചാ നിരക്കും ബജാജ് അലയൻസ് ലൈഫ് കരസ്ഥമാക്കി.. സാങ്കേതികവിദ്യാ മുന്നേറ്റങ്ങളും പുതുമകളും പ്രയോജനപ്പെടുത്തി ഉപഭോക്താക്കൾക്ക് ആദ്യ പരിഗണന എന്ന പ്രമേയവുമായാണ് ഈ മുന്നേറ്റങ്ങൾ നടത്തിയതെന്നും തരുൺ ചുഗ് പറഞ്ഞു.

# ടാറ്റാ എഐഎ 1,183 കോടിയുടെ ബോണസ് പ്രഖ്യാപിച്ചു

**കൊച്ചി:** ടാറ്റാ എഐഎ ലൈഫ് ഇൻഷൂറൻസ് പാർട്ടിസിപ്പേറ്റിങ് വിഭാഗത്തിൽ പെട്ട പോളിസി ഉടമകൾക്ക് 202223 വർഷത്തേക്ക് 1,183 കോടി രൂപയുടെ ബോണസ് പ്രഖ്യാപിച്ചു. മുൻ വർഷത്തേക്കാൾ 37 ശതമാനം ഉയർന്ന തുകയാണിത്. എക്കാലത്തേയും ഉയർന്ന ഈ ബോണസ് തുകയ്ക്ക് പാർട്ടിസിപ്പേറ്റിങ് വിഭാഗത്തിൽ പെട്ട 7,49,229 പോളിസി ഉടമകൾക്കാണ്  അർഹതയുള്ളതെന്ന് ടാറ്റാ എഐഎ ലൈഫ് ഇൻഷൂറൻസ് ചീഫ് ഫിനാൻഷ്യൽ ഓഫിസറും പ്രസിഡൻറുമായ സമിത്ത് ഉപാധ്യായ് പറഞ്ഞു. ശക്തമായ ഫ് മാനേജുമെൻറ് വഴി ടാറ്റാ എഐഎ പാർട്ടിസിപ്പേറ്റിങ് പോളിസി ഉടമകൾക്ക് തുടർച്ചയായി നേട്ടം നൽകി വരുന്നു. ഉപഭോക്താക്കൾക്ക് ടാറ്റാ എഐഎയുടെ നൂതനമായ ഇൻഷുറൻസ് സൊല്യൂഷനുകളിൽ നിന്ന് പ്രയോജനം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു.സാമ്പത്തിക ക്ഷേമത്തിൽ തങ്ങളുടെ പോളിസി ഉടമകളേയും പങ്കാളികളാക്കുന്നതാണ് തങ്ങളുടെ രീതിയെന്നും ബോണസ് പ്രഖ്യാപനം പോളിസി ഉടമകളോടുള്ള തങ്ങളുടെ പ്രതിബദ്ധതയുടെ സാക്ഷ്യപത്രമാണെന്നും സമിത്ത് ഉപാധ്യായ് പറഞ്ഞു.

# കീവേ എസ്ആർ 250 ഡെലിവറി തുടങ്ങി

കോഴിക്കോട്: അടുത്തിടെ അദീശ്വർ ഓട്ടോ റൈഡ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് പ്രഖ്യാപിച്ച നിയോറെട്രോ മോട്ടോർ സൈക്കിളായ കീവേ എസ്ആർ 250യുടെ ഡെലിവറി തുടങ്ങി. 1.49 ലക്ഷം രൂപയാണ് എക്സ്ഷോറൂം ഡൽഹി വില. 2000 രൂപ നൽകി ബുക്ക് ചെയ്യാം. കീവേ എസ്ആർ 250ന്റെ ആദ്യത്തെ 500 ഡെലിവറികളുമായി ബന്ധപ്പെട്ട് ഒരു നറുക്കെടുപ്പ് സമ്മാന പദ്ധതിയും എഐആർഐ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ നറുക്കെടുപ്പിലൂടെ ഭാഗ്യശാലികളാകുന്ന 5 ഉപഭോക്താക്കൾക്ക് എക്സ്ഷോറൂം വിലയിൽ 100 ശതമാനം ക്യാഷ്ബാക്കോടെ ബൈക്കുകൾ ലഭിക്കും. 1.19 ലക്ഷം രൂപ വില നിശ്ചയിച്ചിരിക്കുന്ന എസ്ആർ 125യുടെ വിൽപന നേരത്തെ തുടങ്ങി. ആയിരം രൂപ നൽകി മുൻകൂർ ബുക്കിങ് ചെയ്യാനാവും. നൂറോളം രാജ്യങ്ങളിൽ സാനിധ്യമുള്ള ഹങ്കറിയിലെ പ്രമുഖ കമ്പനി ആയ കീവേയിൽ നിന്നുള്ള മോട്ടോർ സൈക്കിളുകളാണിത്.  ഗ്ലോസി വൈറ്റ്, ഗ്ലോസി റെഡ്, ഗ്ലോസി ബ്ലാക്ക് എന്നീ നിറങ്ങളിലാണ് കീവേ എസ്ആർ 250ഉം കീവേ എസ്ആർ 125ഉം വരുന്നത്.

# ആരോഗ്യത്തിന് ഊർജം പകർന്ന് ആയുഷ് യോഗാ ക്ലബ്ബുകൾ സജ്ജം



**കൊച്ചി:** ആരോഗ്യത്തിന് ഊർജം പകർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 50 ആയുഷ് യോഗാ ക്ലബുകൾ ജില്ലയിൽ പ്രവർത്തന സജ്ജമായി. ജീവിത ശൈലീരോഗങ്ങൾ ഫലപ്രദമായി നിയന്ത്രിക്കാൻ 1000 യോഗാ ക്ലബ്ബുകൾ ആരംഭിക്കുകയെന്ന തീരുമാനത്തിന്റെ ഭാഗമായാണിത്.അന്താരാഷ്ട്ര യോഗ ദിനാചരണത്തിന്റെ ഭാഗമായി നാഷണൽ ആയുഷ് മിഷന്റെ നേതൃത്വത്തിൽ ഭാരതീയ ചികിത്സാ വകുപ്പ്, ഹോമിയോ വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് ക്ലബുകൾ തുടങ്ങിയത്. ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളുള്ള സ്ഥലങ്ങളിലും മറ്റ് തെരഞ്ഞെടുത്ത തദ്ദേശ സ്വയം ഭരണ പ്രദേശങ്ങളിലുമായാണ് ക്ലബ്ബുകൾ. സ്വകാര്യ ഡോക്ടർമാരുടെ പങ്കാളിത്തത്തോടൊപ്പം യോഗാ ക്ലബിൽ ആയുർവേദ മെഡിക്കൽ അസോസിയേഷനും സഹകരിക്കുന്നുണ്ട്. എല്ലാ ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളിലും ഉടൻ തന്നെ വനിതാ യോഗാ ക്ലബുകളും തുടങ്ങും.നാഷണൽ ആയുഷ് മിഷന്റെ നേതൃത്വത്തിൽ ഒൻപതാമത് അന്താരാഷ്ട്ര യോഗ ദിനത്തിന്റെ ജില്ലാതല ഉദ്ഘാടനം മരട് ശ്രീനാരായണ ഹാളിൽ എറണാകുളം എം.പി ഹൈബി ഈഡൻ നിർവ്വഹിച്ചു. മരട് മുനിസിപ്പൽ ചെയർമാൻ ആന്റണി ആശാൻപറമ്പിൽ അധ്യക്ഷത വഹിച്ചു.ഭാരതീയ ചികിത്സാ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ഇ.എ. സോണിയ, ഹോമിയോപ്പതി വകുപ്പ് ജില്ല മെഡിക്കൽ ഓഫീസർ ഡോ. മേഴ്സി ഗോൺസാൽവസ് എന്നിവർ മുഖ്യാതിഥികളായി. നാഷണൽ ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എം.എസ്. നൗഷാദ്, മരട് നഗരസഭ വൈസ് ചെയർപേഴ്സൺ അഡ്വ: രശ്മി സനിൽ, സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻമാരായ പി.ഡി.രാജേഷ് , ചന്ദ്രകലാധരൻ, യോഗാ നാച്യുറോപ്പതി മെഡിക്കൽ ഓഫീസർമാരായ ഡോ. അനു ഏലിയാസ് , ഡോ. ടി.എൻ. അനീജ, ആയുർവേദ മെഡിക്കൽ അസോസിയേഷൻ ജില്ലാ പ്രസിഡന്റ് ഡോ. കെ.പി. ജിൻഷിദ് സദാശിവൻ, മരട് ഗവ. ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ കല, ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ രജനി, ആയുഷ്ഗ്രാം മെഡിക്കൽ ഓഫീസർ ഡോ. ആർ. ജീൻഷ എന്നിവർ സംസാരിച്ചു. യോഗാ ക്ലാസ്സിന് ജില്ലാ ആയുർവേദ ആശുപത്രിയിലെ യോഗാ നാച്യുറോപ്പതി മെഡിക്കൽ ഓഫീസർ ഡോ. ലക്ഷ്മി എൻ നായർ നേതൃത്വം നൽകി.സ്കൂൾ വിദ്യാർത്ഥികൾ പങ്കെടുത്ത യോഗാ പ്രദർശനവും വിവിധ യോഗാപരിശീലകരുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിലുള്ള നൃത്തയോഗ, യോഗാഭ്യാസം, യോഗാ ഡാൻസ് എന്നിവയുമുണ്ടായിരുന്നു.

## നഴ്സിങ് സ്കൂൾ പ്രവേശനം: വിജ്ഞാപനം പുറപ്പെടുവിച്ചു

**തിരുവനന്തപുരം:** ആരോഗ്യ വകുപ്പിനു കീഴിലുള്ള 15 സർക്കാർ നഴ്സിങ് സ്കൂളുകളിൽ 2023 ഒക്ടോബർ നവംബർ മാസത്തിൽ ആരംഭിക്കുന്ന ജനറൽ നഴ്സിങ് കോഴ്സിലേക്ക് ഫിസിക്സ്, കെമിസ്ട്രി, ബയോളജി ഐച്ഛിക വിഷയമായെടുത്ത് 40 ശതമാനം മാർക്കോടെ പ്ലസ്ടു അഥവാ തത്തുല്യ പരീക്ഷ പാസായവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. എസ്.സി/എസ്.ട വിഭാഗത്തിലുള്ള അപേക്ഷകർക്ക് പാസ് മാർക്ക് മതി. സയൻസ് വിഷയങ്ങൾ പഠിച്ച അപേക്ഷകരുടെ അഭാവത്തിൽ മറ്റുള്ളവരെയും പരിഗണിക്കും.14 ജില്ലകളിലായി 365 സീറ്റുകളാണ് ഉള്ളത്. 20 ശതമാനം സീറ്റുകൾ ആൺകുട്ടികൾക്കു സംവരണം ചെയ്തിട്ടുണ്ട്. അപേക്ഷകർക്ക് 2023 ഡിസംബർ 31ന് 17 വയസിൽ കുറയുവാനോ 27 വയസിൽ കൂടുവാനോ പാടില്ല. പിന്നാക്ക സമുദായക്കാർക്ക് 3 വർഷവും പട്ടികജാതി/പട്ടികവർഗക്കാർക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കും.അപേക്ഷാഫോമും, പ്രോസ്പെക്ടസും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ (www.dhskerala.gov.in) ലഭിക്കും. അപേക്ഷാഫീസ് പട്ടികജാതി പട്ടികവർഗക്കാർക്ക് 75 രൂപയും മറ്റുള്ള വിഭാഗത്തിന് 250 രൂപയുമാണ്. പൂരിപ്പിച്ച അപേക്ഷകൾ അതാത് ജില്ലയിലെ നഴ്സിങ് സ്കൂൾ പ്രിൻസിപ്പാളിന് ജൂലൈ 20ന് വൈകിട്ട് അഞ്ചിനകം ലഭിക്കത്തക്കവിധം അയക്കണം. കൂടുതൽ വിവരങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസ്, നഴ്സിങ് സ്കൂളുകൾ എന്നിവിടങ്ങളിൽ ലഭിക്കും.

# എആർസിസി: മൂന്നാം റൗണ്ടിന് സജ്ജരായി ഹോണ്ട റേസിങ് ഇന്ത്യ ടീം



**കൊച്ചി:** ജപ്പാനിലെ സ്പോർട്സ്‌ലാൻഡ് സുഗോ ഇന്റർനാഷണൽ സർക്യൂട്ടിൽ നടക്കുന്ന 2023 ഏഷ്യാ റോഡ് റേസിങ് ചാമ്പ്യൻഷിപ്പിന്റെ (എആർആർസി) മൂന്നാം റൗണ്ടിന് സജ്ജരായി ഐഡിമിത്സു ഹോണ്ട റേസിങ് ഇന്ത്യ ടീം. രണ്ടാം റൗണ്ടിൽ ശ്രദ്ധേയമായ പ്രകടനം നടത്തിയ ശേഷമാണ് ഈ വാരാന്ത്യത്തിൽ നടക്കുന്ന മത്സരങ്ങൾക്കായി ടീം ജപ്പാനിലെത്തുന്നത്.സീസൺ പകുതിയിലെത്തിയ 2023 എഫ്ഐഎം ഏഷ്യാ റോഡ് റേസിങ് ചാമ്പ്യൻഷിപ്പിന്റെ രണ്ടു റൗണ്ടുകളിലായി ഇതുവരെ മൊത്തം 11 പോയിന്റുകൾ ഹോണ്ട ടീം നേടിയിട്ടുണ്ട്. ഏഷ്യൻ പ്രൊഡക്ഷൻ 250സിസി വിഭാഗത്തിൽ കൂടുതൽ പോയിന്റുകളും മൂന്നാം റൗണ്ടിൽ ടീം ലക്ഷ്യമിടുന്നു. രണ്ട് റൗണ്ടുകളിലും സ്ഥിരതയാർന്ന പ്രകടനം നടത്തിയ കൗമാരതാരം കാവിൻ സമർ ക്വിന്റൽ ആണ് ടീമിന്റെ കരുത്ത്. കഴിഞ്ഞ റൗണ്ടിൽ ചില തിരിച്ചടികൾ നേരിട്ടെങ്കിലും രണ്ടു പോയിന്റുകൾ നേടിയ താരം, ഓവറോൾ ചാമ്പ്യൻഷിപ്പ് നിലയിൽ ആദ്യ 15നുള്ളിൽ സാന്നിധ്യം നിലനിർത്തിയിട്ടുണ്ട്.മുൻ റൗണ്ടുകളിലെ തെറ്റുകൾ തിരുത്തി, ഈ വാരാന്ത്യത്തിൽ ട്രാക്കിൽ തന്റെ ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷയെന്ന് കാവിൻ പറഞ്ഞു. ഹോണ്ട ഇന്ത്യ ടാലന്റ് കപ്പിനിടെ പരിക്കേറ്റതിനാൽ മലയാളി താരം പി.മൊഹ്സിന് ജപ്പാൻ റൗണ്ട് നഷ്ടമാവും.ഐഡിമിത്സു ഹോണ്ട റേസിങ് ടീമിൽ ഞങ്ങൾക്ക് ആത്മവിശ്വാസമുണ്ടെന്നും, ഈ റൗണ്ടിൽ സ്ഥാനം മെച്ചപ്പെടുത്താൻ ഇന്ത്യൻ ടീം പരമാവധി ശ്രമിക്കുമെന്നും ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ സെയിൽസ് ആൻഡ് മാർക്കറ്റിങ് ഡയറക്ടർ യോഗേഷ് മാത്തൂർ പറഞ്ഞു.

